# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ




ജനുവരി 2021

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.1 ജനുവരി 2021


| | |
|---|---|
| സർക്കുലർ | - 2 |
| കച്ചേരിക്കാര്യം | - 8 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - 9 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 16 |
| അജപാലനോത്തേജനവിഭാഗം | - 18 |
| വിശ്വാസജീവിതപരിശീലനരംഗം | - 21 |
| ചെറുപുഷ്പ മിഷൻലീഗ് | - 27 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 28 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 29 |
| കുടുംബപ്രേഷിതത്വം | - 33 |
| മാതൃവേദി | - 35 |
| നസ്രാണി റിസേർച്ച് സെന്റർ | - 36 |
| മേരി മാതാ മൈനർ സെമിനാരി | - 37 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - 38 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - 40 |
| മരിയൻ റിട്രീറ്റ് സെന്റർ | - 41 |
| സന്യസ്തർ | - 44 |
| കെ.സി.എസ്.എൽ. | - 50 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - 52 |
| ഡി.സി.എം.എസ്. | - 55 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - 56 |
| വിൻസെൻഷ്യൻ വേദി | - 57 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധസമിതി | - 59 |
| വിമല പബ്ലിക്കേഷൻസ് | - 60 |
| Special Care Homes & Charitable institution | - 62 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - 64 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - 68 |
| രൂപതാവാർത്തകൾ | - 71 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.1 ജനുവരി 2021

Prot. No. 1480/2020

# സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം – 2021

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർസഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. 'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞു, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായസഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, ''ആരാണ് എനിക്കായി പോവുക'' (ഏശയ്യ 6:8), എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്രമിക്കുവാൻ 'എല്ലാവരും സോദരർ' എന്ന തന്റെ പുതിയ ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷപ്രഘോഷണം വർണ്ണവർഗ്ഗ ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മി

ക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോദിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രിക ലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീണ്ടും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാസംവിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമിച്ചാൽ മാത്രമേ, അവ ക്രിസ്തുവിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളായി പരിണമിക്കൂ.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (*Verbum Domini,* 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും

മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ പ്രവർത്തനത്തിനായി വൈദിക-സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപക്വമായ പെരുമാറ്റശൈലികളും ഉള്ളടക്കങ്ങളും പ്രസരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017-ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനു ശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ

ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനുവേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യ അത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട് "നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും" (യോഹ 13:35). ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതംകൊണ്ടും പ്രഘോഷണം കൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊണ്ടും സഹകരണങ്ങൾ കൊണ്ടും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ,

പരിമിതമായ വാക്കുകൾ കൊണ്ട് തന്നെ ഫലപ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിത താതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദിനാൾ മാർ ജോർജ് ആലഞ്ചേരി

സീറോ മലബാർസഭയുടെ മേജർആർച്ചുബിഷപ്പ്

---

NB:

1. 2021 ജനുവരി 03-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർസഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. സീറോമലബാർ മിഷൻവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2021 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. ദനഹാത്തിരുനാൾ - ജനുവരി 6**

നമ്മുടെ കർത്താവീശോമിശിഹായുടെ പ്രത്യക്ഷീകരണത്തിരുനാൾ (മാമ്മോദീസാത്തിരുനാൾ - കടമുള്ള ദിവസം) സമുചിതമായി ആഘോഷിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാർ ചെയ്യേണ്ടതാണ്.

**2. സീറോമലബാർ പ്രേഷിത വാരാചരണം**

സീറോ മലബാർ മിഷൻ വാരമായി 2021 ജനുവരി 6 മുതൽ 12 വരെ ആഘോഷിക്കുകയാണ്. 2021 ജനുവരി 10-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച പ്രേഷിതപ്രവർത്തനത്തിനായി നൽകേണ്ടതിനാൽ പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 31 നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**3. സഭൈക്യവാരം ജനുവരി**

ജനുവരി 15 മുതൽ 22 വരെ സഭൈക്യവാര പ്രാർത്ഥന നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തേണ്ടതാണ്. ഇതിനു സഹായകരമായ പ്രാർത്ഥനകൾ പ്രോപ്രിയ പുസ്തകത്തിൽ (286 മുതൽ 289 വരെ പേജുകളിൽ) നൽകിയിട്ടുണ്ട്. ഈ പ്രാർത്ഥനകൾ ജനുവരി 15 മുതൽ 22 വരെ ഉപയോഗിക്കാനും എക്യുമെനിക്കൽ മനോഭാവത്തിൽ പ്രവർത്തിക്കുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ.

# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## നല്ല ബന്ധങ്ങളും നന്മ ചെയ്യുന്ന ജീവിതവും
### (തിരുവചനഭാഗം: 1 പത്രോ 3,1–22)

പത്രോസ്ശ്ലീഹാ തന്റെ ക്രിസ്തീയസമൂഹത്തിനു നല്കുന്ന നിർദ്ദേശങ്ങളാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബങ്ങളിലും സമൂഹത്തിലും കെട്ടിപ്പടുക്കണമെന്നും, എപ്പോഴും നന്മമാത്രം ചെയ്യുന്ന ജീവിതം നയിക്കണമെന്നുമാണ് ഇവിടെ ശ്ലീഹാ നല്കുന്ന ഉപദേശം. ഈ ഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ഭാര്യാഭർതൃബന്ധം (3,1–7)
2. സാഹോദര്യബന്ധവും നന്മ ചെയ്യുന്ന ജീവിതവും (3,8–12)
3. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവരാകുക (3,13–16)
4. രക്ഷാകരസഹനത്തിൽ മിശിഹായെ അനുകരിക്കുക (3,17–18)
5. മിശിഹായുടെ കൈവന്ന രക്ഷയുടെ സന്ദേശം (3,19–22)

ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബത്തിലും സമൂഹത്തിലും കെട്ടിപ്പടുക്കുക എന്നത് സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണെങ്കിൽ അത് പുരോഹിതശുശ്രൂഷയുടെ ഒരു പ്രധാനപ്പെട്ട ചുമതലയായി പുരോഹിതർ കരുതേണ്ടതുണ്ട്.

**1. ഭാര്യാഭർതൃബന്ധം**

*"ഭാര്യമാരേ, നിങ്ങൾ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. വചനം അനുസരിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അവരെ*

*വാക്കുകൊണ്ടല്ല, പെരുമാറ്റംകൊണ്ടു വിശ്വാസത്തിലേക്ക് ആനയിക്കാൻ ഭാര്യമാർക്കു കഴിയും. അവർ നിങ്ങളുടെ ആദരപൂർവ്വകവും നിഷ്കളങ്കവുമായ പെരുമാറ്റം കാണുന്നതുമൂലമാണ് ഇതു സാധ്യമാവുക ... ഇങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങൾ വിവേകത്തോടെ നിങ്ങളുടെ ഭാര്യമാരോടൊത്തു ജീവിക്കുവിൻ. സ്ത്രീ ബലഹീനപാത്രമാണെങ്കിലും ജീവദായകമായ കൃപയ്ക്കു തുല്യ അവകാശിനിയെന്ന നിലയിൽ അവളോടു ബഹുമാനം കാണിക്കുവിൻ. ഇതു നിങ്ങളുടെ പ്രാർത്ഥനയ്ക്കു തടസ്സമുണ്ടാകാതിരിക്കാൻ വേണ്ടിയാണ്"* (3,1-2-.7).

വിശ്വാസികളും കുടുംബിനികളുമായ സ്ത്രീകൾക്കുള്ള ഉപദേശമായിട്ടാണ് ശ്ലീഹാ ഈ വാക്യങ്ങൾ അവതരിപ്പിക്കുന്നത്. ഇനിയും വിശ്വാസത്തിലേക്കു കടന്നുവന്നിട്ടില്ലാത്ത വിജാതീയഭർത്താക്കന്മാരുള്ള ഭാര്യമാരോട് തങ്ങളുടെ സന്മാതൃകയിലൂടെ ഭർത്താക്കന്മാരെ വിശ്വാസത്തിലേക്ക് ആനയിക്കാനാണ് പത്രോസ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നത്. വിജാതീയനാണെങ്കിലും ഭർത്താവിനെ ഭാര്യ അനുസരിക്കണം എന്നാണ് ശ്ലീഹാ പറയുന്നത്. അനുസരണം സ്നേഹബന്ധത്തിന്റെ ഒരു വശമാണ്. ഭർത്താക്കന്മാരോട് ശ്ലീഹാ ഉപദേശിക്കുന്നത് അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നാണ് (3,7). സ്നേഹമാകുന്ന ദൈവത്തിൽ പിതാവ് സ്നേഹവും പുത്രൻ അനുസരണവും നല്കുന്നുണ്ടല്ലോ. അപ്പോൾ സ്നേഹത്തിന്റെ ഒരു വശമാണ് അനുസരണം എന്നതിനും സംശയമില്ല. അതാണ് ക്രിസ്തീയജീവിതത്തിൽ ഭാര്യാഭർതൃബന്ധത്തിൽ പ്രാവർത്തികമാകേണ്ടത്.

സ്ത്രീയുടെ യഥാർത്ഥ സൗന്ദര്യവും അലങ്കാരവും ബാഹ്യമോടികളല്ലെന്നും സൗമ്യവും ശാന്തവുമായ സ്വഭാവവും പെരുമാറ്റവുമാണെന്നും ശ്ലീഹാ എടുത്തുപറയുന്നു (3,3-4). ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ബന്ധത്തിനു മാതൃകയായി പൂർവ്വപിതാക്കന്മാരെയും മാതാക്കളെയും എടുത്തുകാണിക്കുന്നുണ്ട്. ക്രൈസ്തവരെ അബ്രാഹത്തിന്റെ സന്തതികളായി പരിഗണിക്കുന്ന ആദിമസഭാപാരമ്പര്യമാണ്

ഇവിടെ പ്രതിഫലിക്കുന്നത് (റോമാ 4,13-25). കുടുംബമാണല്ലോ ആരോഗ്യപരമായ മനുഷ്യബന്ധങ്ങൾ സൃഷ്ടിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന കളരി. അതുകൊണ്ട് പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയിൽ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നല്കണം. തന്റെ ശുശ്രൂഷയിലുള്ള കുടുംബങ്ങളെല്ലാം ആരോഗ്യപരമായ മനുഷ്യബന്ധങ്ങൾ പുലർത്തുന്നു എന്നുറപ്പു വരുത്തുന്ന അജപാലനശുശ്രൂഷ നല്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**2. സാഹോദര്യവും നല്ല ജീവിതവും**

"*അവസാനമായി, നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും കരുണയും വിനയവുമുള്ളവരായിരിക്കുവിൻ. തിന്മയ്ക്കു തിന്മയോ, നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ, അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ നിങ്ങൾ*" (3,8-9).

ക്രിസ്തീയവിശ്വാസികളായ സകലരും -ഉടമകളും അടിമകളും ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും- അനുഷ്ഠിക്കേണ്ട പുണ്യങ്ങളുടെ വിവരണമാണ് ഇവിടെ പ്രതിപാദിക്കുന്നത്. കൂട്ടായ്മ, സഹിഷ്ണുത, സഹോദരസ്നേഹം, ദീനാനുകമ്പ തുടങ്ങിയ പുണ്യങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. ക്രൈസ്തവർ തമ്മിൽ മാത്രമല്ല, തങ്ങളെ ശത്രുതാമനോഭാവത്തോടെ വീക്ഷിക്കുന്ന സമൂഹത്തിലെ ഇതരവിഭാഗങ്ങളോടും ക്രിസ്തീയപുണ്യപൂർണ്ണതയിൽത്തന്നെ വർത്തിക്കണം എന്നാണ് ലേഖനകർത്താവ് നല്കുന്ന ഉപദേശം (3,9). അനുസരണവും കാരുണ്യവും കൈവിടാതെ വ്യാപരിക്കുമ്പോഴാണ് സ്നേഹത്തിന്റെ ഈ സാമൂഹികക്രമം സാദ്ധ്യമാകുന്നത്. തിന്മയ്ക്കെതിരായ പ്രതികാരത്തിനു മുതിരരുത് എന്നു നിർദ്ദേശിക്കുന്ന ഇതര വചനഭാഗങ്ങളുടെ സ്വാധീനം ഇവിടെ ദർശിക്കാം.

സകല അനീതികൾക്കും മുമ്പിൽ നന്മമാത്രം പ്രവർത്തിച്ച മിശിഹായായിരിക്കണം ക്രൈസ്തവരുടെ മാതൃക. കുടുംബത്തിലും സമൂഹത്തിലും നന്മ ചെയ്യുന്നവരുടെ പ്രാർത്ഥനയേ ദൈവം കേൾക്കുകയുള്ളൂ എന്ന സങ്കീർത്തനഭാഗം (സങ്കീ 34,12-16) ഉദ്ധരിച്ചുകൊ

ണ്ടാണ് പത്രോസ്ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ക്ഷമിച്ചുകൊണ്ടു പ്രാർത്ഥിക്കണം എന്ന കർതൃപ്രാർത്ഥനയും ഇതിനു പശ്ചാത്തലമായി കാണാം. അജപാലനശുശ്രൂഷയുടെ ലക്ഷ്യം വിശ്വാസികളുടെ സമൂഹത്തെ ദൈവമക്കളുടെ ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്. ഇത് മനുഷ്യകുലത്തെ മുഴുവൻ ദൈവമക്കളുടെ കുടുംബമാക്കിത്തീർക്കുന്ന വിശ്വസാഹോദര്യം യാഥാർത്ഥ്യമാക്കുവാൻ ആവശ്യകമാണ്. അതുകൊണ്ട് സഭയിലും സമൂഹത്തിലും ഈ കുടുംബാരൂപി വളർത്തുവാൻ സഹായകരമായ ഒരു അജപാലനശൈലിയായിരിക്കണം പുരോഹിതന്റേത്.

**3. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവരാവുക**

*"നന്മ ചെയ്യുന്നതിൽ നിങ്ങൾ തീക്ഷ്ണതയുള്ളവരാണെങ്കിൽ നിങ്ങളെ ഉപദ്രവിക്കാൻ ആർക്കു കഴിയും? നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണി നിങ്ങൾ ഭയപ്പെടേണ്ടാ; നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ടാ. മിശിഹായെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ"* (3,13-15).

മതമർദ്ദനങ്ങളുടെ ഭീകരതയിൽ പതറാതെ വിശ്വാസത്തിൽ ഉറച്ചുനില്ക്കണമെന്നും, ശത്രുക്കളും അവിശ്വാസികളുമായ മതമർദ്ദകരോട് എപ്രകാരമാണ് ക്രിസ്തീയമായി പ്രതികരിക്കേണ്ടതെന്നുമാണ് ഇവിടെ ശ്ലീഹാ ഉപദേശിക്കുന്നത്. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവർ പീഡനങ്ങളെ നിസ്സാരമായി തള്ളിക്കളയാൻ കരുത്തുള്ളവരാകും. നന്മ ചെയ്തിട്ടും സഹിക്കേണ്ടിവരുന്നതിനെ 'ഭാഗ്യം' എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. ഇത് ഈശോ പറഞ്ഞ സുവിശേഷഭാഗ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. 'മറ്റുള്ളവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ' എന്ന മിശിഹായുടെ ഗിരിപ്രഭാഷണത്തിലെ വാക്കുകൾതന്നെയാണ് ശ്ലീഹാ ഇവിടെ ഉദ്ധരിക്കുന്നത്.

നന്മ ചെയ്യുമ്പോഴും തിന്മമാത്രം പ്രതിഫലമായി ലഭിക്കുമ്പോൾ വിശ്വാസികൾ എപ്രകാരം പ്രതികരിക്കണം എന്ന് ശ്ലീഹാ ഇവിടെ പഠിപ്പിക്കുന്നു. തങ്ങളുടെ പ്രത്യാശയെ ചോദ്യം ചെയ്യുന്നവരോട് മറുപടി പറയാൻ അറിഞ്ഞിരിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ക്രൈസ്തവർക്കെതിരെ നിയമനടപടികൾക്കൊരുങ്ങുന്നവർക്ക് നിയമപരമായി മറുപടി പറയാൻ അറിഞ്ഞിരിക്കണമെന്നല്ല. തിന്മയെ നന്മകൊണ്ടു നേരിടണമെന്നുതന്നെയാണ് അതിന്റെ അർത്ഥം. നമ്മളോടു ശത്രുത പുലർത്തുന്നവരോട് എളിമയോടും സൗമ്യതയോടുംകൂടി വർത്തിക്കുവാൻ പഠിക്കണം. പുരോഹിതന്റെ ജീവിതത്തിൽ ഇതു വളരെ പ്രസക്തമാണ്. അജപാലനശുശ്രൂഷയിൽ പലപ്പോഴും ഇതുപോലെയുള്ള സാഹചര്യങ്ങളുണ്ടാകും. അപ്പോഴെല്ലാം, "നിങ്ങൾ എന്നെ കണ്ടു പഠിക്കുവിൻ. ഞാൻ ശാന്തശീലനും എളിമയുള്ളവനുമാണ്" (മത്താ 11,29) എന്ന കർത്താവിന്റെ വാക്കുകൾക്കനുസൃതം ശാന്തത കൈവെടിയാതെ വർത്തിക്കുവാൻ പുരോഹിതർക്കു കഴിയണം.

### 4. രക്ഷാകരസഹനത്തിൽ മിശിഹായെ അനുകരിക്കുക

"*നന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുകയെന്നതാണു ദൈവഹിതമെങ്കിൽ, അതാണു തിന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുക എന്നതിനെക്കാൾ നല്ലത്. എന്തുകൊണ്ടെന്നാൽ, മിശിഹാതന്നെയും പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു. അതു നീതിരഹിതർക്കുവേണ്ടിയുള്ള നീതിമാന്റെ മരണമായിരുന്നു. ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവൻ പ്രാപിച്ചുകൊണ്ടു നിങ്ങളെ ദൈവസന്നിധിയിലെത്തിക്കുന്നതിനു വേണ്ടിയായിരുന്നു അത്*" (3,17-18).

മിശിഹായെ അനുകരിക്കുക എന്നതിന് മിശിഹായുടെ സഹനങ്ങളെ അനുകരിക്കുക എന്നുകൂടി അർത്ഥമുണ്ട്. മിശിഹായുടെ സഹനം മിശിഹാനുയായികൾക്കു ജീവിതമാതൃക മാത്രമല്ല, തങ്ങളുടെ ജീവിതാസ്തിത്വങ്ങളെ മുഴുവൻ നിർണ്ണയിക്കുന്ന ആധാരശില കൂടിയാണ്. സഹനങ്ങളിലൂടെ മിശിഹാ നേടിത്തന്നെ രക്ഷയും മതമർദ്ദനങ്ങളെ അഭിമുഖീകരിച്ച് ക്രൈസ്തവർ നേടുന്ന രക്ഷയും തമ്മിലുള്ള ബന്ധമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. മിശിഹാ എന്നേ

ക്കുമായി ഒരിക്കൽമാത്രം മരിച്ചപ്പോൾ വിശ്വാസികളുടെ സഹനം ഒന്നിനു പുറകെ ഒന്നായി തുടരുന്ന സഹനങ്ങളാണ്. മിശിഹാ നീതിമാനായിരിക്കെ സഹിച്ച് ശരീരത്തിൽ മരിച്ചപ്പോൾ അവിടുന്ന് അരൂപിയിലൂടെ മഹത്ത്വീകൃതനായതുപോലെ നീതിമാനായിരിക്കെ സഹിക്കുന്നവർക്ക് മിശിഹായുടെ അരൂപിയുടെ ശക്തി ലഭിക്കുന്നു.

തിന്മയുടെ ഫലമാണ് സഹനം എന്ന ചിന്തയ്ക്ക് ഒരു തിരുത്തലാണ് ഇവിടെയുണ്ടാവുക. ക്രിസ്തീയസഹനത്തെ ക്രിയാത്മകമായി കാണുവാൻ കഴിയണം. ഈലോകസഹനങ്ങളുടെ പിന്നിൽ ദൈവകരമുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. സഹനത്തിലൂടെയാണ് രക്ഷ എന്ന ക്രൈസ്തവദർശനമാണ് ഇവിടെ നല്കപ്പെടുന്നത്. മിശിഹാ സഹനമരണങ്ങളിലൂടെ ഉത്ഥാനത്തിലേക്കു പ്രവേശിച്ചതുപോലെ നാമും മിശിഹായോടുകൂടെ സഹിച്ച് മരിച്ചാൽ –ഈലോകതാല്പര്യങ്ങളെ ഹനിച്ചു ജീവിച്ചാൽ– അവിടുത്തെ മഹത്ത്വത്തിൽ പങ്കുചേരുവാൻ നമുക്കു കഴിയും. പുരോഹിതന്റെ അജപാലനശുശ്രൂഷാജീവിതത്തിൽ പലപ്പോഴും സഹനമുണ്ടാവുക സ്വാഭാവികമാണ്. സ്വന്തമായ സുഖസൗകര്യങ്ങൾ മാറ്റിവച്ച് നിരന്തരം ശുശ്രൂഷയിലേർപ്പെടേണ്ട ജീവിതമാണ് പുരോഹിതന്റേത്. അതുപോലെ അജഗണങ്ങളിൽനിന്നും അധികാരികളിൽനിന്നും സഹനങ്ങളുണ്ടാവാനുള്ള സാദ്ധ്യതയുമുണ്ട്. അവയെല്ലാം മിശിഹായുടെ സഹനത്തോടു ചേർന്നുനിന്ന് രക്ഷകരമാക്കിത്തീർക്കുവാൻ പുരോഹിതനു കഴിയണം.

### 5. മിശിഹായിലൂടെ കൈവന്ന രക്ഷയുടെ സന്ദേശം

*"അവരാകട്ടെ നോഹിന്റെ കാലത്തു പെട്ടകം പണിയപ്പെട്ടപ്പോൾ, ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. ആ പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർ മാത്രമേ ജലത്തിലൂടെ രക്ഷ പ്രാപിച്ചുള്ളു. അതിന്റെ സാദൃശ്യമുള്ള ജ്ഞാനസ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു. അതു നിങ്ങളുടെ ശരീരത്തിന്റെ മാലിന്യത്തിന്റെ നിർമ്മാർജ്ജനമല്ല; മറിച്ച്, ശുദ്ധമനസാക്ഷിയ്ക്കായി ഈശോമിശിഹായുടെ ഉത്ഥാനംവഴി ദൈവത്തോടു നടത്തുന്ന പ്രാർത്ഥനയാണ്. ഈശോമിശിഹായാകട്ടെ, സ്വർഗ്ഗത്തി*

*ലേക്കു പ്രവേശിച്ച് ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ദൂതന്മാരും അധികാരികളും ശക്തികളും അവിടുത്തേക്കു കീഴ്പ്പെട്ടുമിരിക്കുന്നു."* (3,20-22).

ഈശോയുടെ മരണത്തിലൂടെ രക്ഷയിലേക്കു വീണ്ടെടുക്കപ്പെട്ടവർ (3,18) പത്രോസ്ശ്ലീഹായുടെ സഭയിലെ വിശ്വാസികളാണ്. നോഹിന്റെ പെട്ടകം പ്രതിനിധാനം ചെയ്യുന്ന സഭാംഗങ്ങളാണിവർ. എന്നാൽ മതപീഡകരായ എതിരാളികൾ നോഹയുടെ കാലത്തെ അനുസരണമില്ലാത്തവരെപ്പോലെയാണ് (3,20). അവരുടെ നിത്യനാശം ഈശോയുടെ മരണത്തിലൂടെ ഉറപ്പിക്കപ്പെട്ടു എന്നാണ് ലേഖനകർത്താവു പറയുന്നത്. സഭയിലെ അംഗങ്ങൾക്ക് ഈശോയുടെ മരണോത്ഥാനത്തിലൂടെ രക്ഷ എപ്രകാരം ഉറപ്പിക്കപ്പെട്ടോ അതുപോലെതന്നെ മതപീഡകർക്കു നിത്യശിക്ഷയും ഉറപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ വചനങ്ങളുടെ അർത്ഥം. മതപീഡകരുടെമേൽ അന്തിമവിജയം മിശിഹായ്ക്കാണെന്ന സന്ദേശം വിശ്വാസികൾക്കു നല്കി അവരെ വിശ്വാസത്തിലുറപ്പിക്കാനാണ് ലേഖനകർത്താവു ശ്രമിക്കുന്നത്.

ഈശോ പാതാളത്തിൽചെന്ന് നരകവാസികളായ ആത്മാക്കളോടു വചനം പ്രസംഗിച്ച് അവരെ രക്ഷിച്ചു എന്ന 'സ്പിരിറ്റ് ഇൻ ജീസസ്'കാരുടെ വ്യാഖ്യാനം തെറ്റാണ്. യഹൂദപാരമ്പര്യത്തിൽ പരാമർശിക്കുന്ന, ദൈവത്തോടു മറുതലിച്ച് നിത്യശിക്ഷയിൽപെട്ടുപോയ വഴിതെറ്റിയ മാലാഖമാരെക്കുറിച്ചാണ് 'ബന്ധനസ്ഥരായ ആത്മാക്കൾ' എന്നു പറഞ്ഞിരിക്കുന്നത്. ഈശോയുടെ മരണോത്ഥാനത്തിലൂടെ വിശ്വാസികളുടെ നിത്യരക്ഷ പ്രഖ്യാപിക്കപ്പെട്ടതുപോലെ അവിശ്വാസികളുടെ നിത്യശിക്ഷയും പ്രഖ്യാപിക്കപ്പെട്ടു എന്നാണ് ഈ പ്രസ്താവനയുടെ അർത്ഥം. അതുകൊണ്ട്, വിശ്വാസത്തിനു പ്രതിസന്ധിയുണ്ടാവുമ്പോൾ തിന്മയുടെ വിജയം താല്ക്കാലികമാണെന്നും അന്തിമവിജയം വിശ്വാസത്തോടു വിശ്വസ്തത പുലർത്തുന്നവർക്കാണെന്നുമുള്ള ബോദ്ധ്യത്തോടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ നമുക്കു കഴിയണം. ഇത് അജപാലകർക്കും അജഗണങ്ങൾക്കും ഒരുപോലെ പ്രസക്തമാണ്.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

റവ. ഫാ. അബ്രാഹം കൊച്ചുവീട്ടിൽ 40,000/-

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**


---

## പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

**ജീവിതസൂചിക**

1. കുടുംബബന്ധങ്ങൾ ആരോഗ്യകരമായി പടുത്തുയർത്തുവാൻ സഹായിക്കുന്ന അജപാലനശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?
2. വിശ്വസാഹോദര്യത്തെ പരിപോഷിപ്പിക്കുന്ന സമൂഹമായി സഭാസമൂഹത്തെ നമുക്ക് എങ്ങനെ പടുത്തുയർത്താം?
3. തിന്മയുടെ മദ്ധ്യേ നന്മയെ മുറുകെപ്പിടിച്ചുകൊണ്ടു ജീവിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
4. ഒരു പുരോഹിതനെന്ന നിലയിൽ മിശിഹായുടെ രക്ഷാകരസഹനത്തിൽ ഞാൻ എപ്രകാരം പങ്കുചേരണം?
5. മിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ കൈവരിച്ച രക്ഷയുടെ സുവിശേഷം ഞാൻ എപ്രകാരം പ്രഘോഷിക്കണം?

# സ്നേഹസ്മരണയ്ക്ക്




**ഫാ. ജോസഫ് മേപ്രക്കരോട്ട്**
(1914 – 26.01.1981)



**ഫാ. ജേക്കബ് പൊട്ടനാനിക്കൽ**
(19.7.1913–22.1.1983)



**ഫാ. ജോർജ് പരുവനാനി**
(03.08.1928 – 12.01.1986)



**ഫാ. മാത്യു വയലുങ്കൽ**
(11.4.1911–4.1.1987)



**ഫാ. തോമസ് പള്ളിപ്പുറത്തുശ്ശേരി**
(1931 – 13.01.1996)



**ഫാ. ആന്റണി താന്നിക്കൽ**
(10.01.1934 – 26.01.2017)

# അജപാലനോത്തേജന വിഭാഗം

**ദശാംശശേഖരണം**

പിറവിത്തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന ജീവൻ ദശാംശശേഖരണം ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ഡിസംബർ മാസത്തിൽ നടത്തുവാൻ കഴിഞ്ഞില്ല. സാഹചര്യങ്ങൾ അനുകൂലമാകുന്നതനുസരിച്ച് ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ച് ദശാംശശേഖരണം നടത്തുവാൻ നമുക്കു കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ആരാധനാവത്സര കലണ്ടർ**

2021 വർഷത്തെ ആരാധനവത്സര കലണ്ടറിന്റെ തുക നേരിട്ട് നല്കുകയോ (10000 രൂപയും അതിൽ കൂടുതലും തുക ബാങ്ക് ട്രാൻസ്ഫറിലൂടെ മാത്രമേ സ്വീകരിക്കാനാവൂ.) ബാങ്ക് ട്രാൻസ്ഫർ നടത്തുകയോ ചെയ്യുമല്ലോ. ബാങ്ക് ട്രാൻസ്ഫറിനു ശേഷം Whatsapp message/ഫോണിൽ വിളിച്ചറിയിക്കുമല്ലോ. **9846803036, 9496033110**

For Bank Transfer

1. Sahyadri Credit Society, Kanjirapally, A/c No. 0122 (Co-Ordinator, Department of Pastoral Animation)
2. Federal Bank, Kanjirapally, A/c No. 10310100264341, Diocese of Kanjirapally, Department of Pastoral Animation, IFSC - FDRL0001031

**വൈദികരുടെ പൗരോഹിത്യ സ്വീകരണ രജതജൂബിലി**

പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി നിറവിലായിരിക്കുന്ന ബഹുമാനപ്പെട്ട തോക്കനാട്ട് ആന്റണി അച്ചൻ, അത്തിമൂട്ടിൽ അഗസ്റ്റിൻ അച്ചൻ, നെല്ലിപ്പള്ളിൽ പോളച്ചൻ, വാഴപ്പനാടി ജോസ

ഫച്ചൻ, കൈപ്പൻപ്ലാക്കൽ ജേക്കബച്ചൻ, നെല്ലിമലമറ്റത്തിൽ ജോസഫച്ചൻ, ഞള്ളിയിൽ തോമസച്ചൻ, വടക്കേൽ മാത്യു അച്ചൻ, കൊച്ചുപറമ്പിൽ ജോർജച്ചൻ, പാലമൂട്ടിൽ സെബാസ്റ്റ്യൻ അച്ചൻ, കുറ്റിപാലയ്ക്കൽ തോമസച്ചൻ, ചവറപ്പുഴ ജോസച്ചൻ എന്നിവരെ അഭിനന്ദിക്കുന്നതിനും ആശംസകളറിയിക്കുന്നതിനും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ രജതജൂബിലി ആഘോഷിക്കുന്ന വൈദികർ പാസ്റ്ററൽ സെന്ററിൽ ഒത്തുചേർന്നു. നവംബർ 22-ാം തീയതി ഞായറാഴ്ച വൈകുന്നേരം നടന്ന ആഘോഷപൂർവ്വകമായ റംശായിൽ ബഹുമാനപ്പെട്ട വാഴപ്പനാടി ജോസഫച്ചൻ കാർമ്മികത്വം വഹിക്കുകയും ബഹുമാനപ്പെട്ട നെല്ലിമലമറ്റത്തിൽ ജോസഫച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഒരുമിച്ച് കൂടിയ വൈദികർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും അഭിവന്ദ്യ പിതാവ് ആശംസകളറിയിക്കുകയും ചെയ്തു. പാസ്റ്ററൽ സെന്ററിലെ എല്ലാവരും ജൂബിലേറിയൻസിനൊപ്പം അത്താഴത്തിന് ഒത്തുചേർന്ന സംഗമം ഹൃദ്യമായ അനുഭവമായിരുന്നു.

**കുടുംബനവീകരണ ധ്യാനം**

കാഞ്ഞിരപ്പള്ളി രൂപതാകുടുംബം ഒരുമിച്ച് പങ്കുചേർന്ന കുടുംബനവീകരണ ധ്യാനം കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ഒ.എഫ്.എം. (കപ്പൂച്ചിൻ) ധ്യാനം നയിച്ചു.

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള ദൈവജനം സോഷ്യൽമീഡിയ അപ്പസ്തോലേറ്റ്, ദർശകൻ, നസ്രാണി യുവശക്തി, അക്കരയമ്മ എന്നീ യുട്യൂബ് ചാനലുകളിലൂടെയും ഇടുക്കിവിഷൻ, ഹൈറേഞ്ച് കേബിൾ നെറ്റ് വർക്ക്, ന്യൂവിഷൻ, ഇടുക്കി നെറ്റ്, ഇടുക്കി ഏഷ്യാനെറ്റ് കേബിൾ വിഷൻ എന്നീ ചാനലുകളിലൂടെയും ധ്യാനത്തിൽ പങ്കുചേർന്നു.

അഭിവന്ദ്യ പിതാവിന്റെ ഉദ്ഘാടനസന്ദേശത്തോടെ ഡിസംബർ 15 ചൊവ്വാഴ്ച ആരംഭിച്ച ധ്യാനം ഡിസംബർ 19 ന് സമാപിച്ചു. എല്ലാ

ദിവസവും വൈകുന്നേരം 6.30 മുതൽ 8.45 വരെ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ട ധ്യാനം ദൃശ്യമാധ്യമങ്ങളിലൂടെ തത്സമയം സംപ്രേഷണം ചെയ്യപ്പെട്ടു.

**മാർ യൗസേപ്പിതാവിന്റെ വർഷാചരണം**

നമ്മുടെ രൂപതയിൽ മാർ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ കുടുംബവിശുദ്ധീകരണത്തിന് കൂടുതൽ ഊന്നൽ നല്കിയുള്ള കർമ്മപദ്ധതികളാവിഷ്കരിക്കും. കാഞ്ഞിരപ്പള്ളി രൂപതയിലെ വർഷാചരണകർമ്മപദ്ധതികളുടെ തുടക്കം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ കുടുംബങ്ങളെയും പ്രതിനിധീകരിച്ച് ശ്രീ. റെജി കൊച്ചുകരിപ്പാപ്പറമ്പിലിനും (കാഞ്ഞിരപ്പള്ളി കത്തീഡ്രൽ കുടുംബക്കൂട്ടായ്മാ ഏകോപനസമിതി കോഡിനേറ്റർ) കുടുംബാംഗങ്ങൾക്കും കുടുംബനവീകരണധ്യാനത്തിന്റെ സമാപന ദിവസമായ ഡിസംബർ 19 ശനിയാഴ്ച വൈകുന്നേരം കത്തിച്ച തിരി നല്കിക്കൊണ്ട് നിർവ്വഹിച്ചു.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**സംയുക്തസമ്മേളനം : ഓൺലൈൻ**

രൂപതയിലെ സൺഡേസ്കൂൾ ആനിമേറ്റേഴ്സിന്റെയും ഹെഡ്മാസ്റ്റേഴ്സിന്റെയും സംയുക്തസമ്മേളനം (ഓൺലൈൻ) ജനുവരി 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ നടത്തപ്പെടുന്നതാണ്. കഴിഞ്ഞ നാളുകളിൽ നടത്തപ്പെട്ട പ്രോഗ്രാമുകളുടെ വിലയിരുത്തലിനും പരീക്ഷകൾ, ഉത്ഥാനോത്സവം, ലോഗോസ് ക്വിസ് തുടങ്ങിയവയെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാനുമുള്ള Zoom Meeting പുതുവത്സരത്തിൽ പുത്തനുണർവേകാനുപയുക്തമായ വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**രൂപതാ ബൈബിൾ കലോത്സവം : കലാമത്സരങ്ങൾ**

രൂപതയിലെ 13 ഫൊറോനാകളിൽ നിന്നും ഒന്നാം സമ്മാനാർഹമായ വീഡിയോകൾ വലിയ സ്ക്രീനിൽ പ്രദർശിപ്പിച്ച് മൂന്നു വിധികർത്താക്കൾ വീതം അവ വിലയിരുത്തിയതിന്റെ റിസൾട്ട് താഴെ നല്കുന്നു. ഓൺലൈൻ കലോത്സവം ഏറ്റവും വിജയകരമായി നടത്തിയ ഫൊറോനാ ഡയറക്ടറച്ചന്മാർക്കും ഫൊറോനാ സമിതികൾക്കും പ്രത്യേകം നന്ദി. രൂപതാ മത്സരങ്ങൾ മാതൃകാപരമായ രീതിയിൽ നടത്താൻ അക്ഷീണം യത്നിച്ച റീജന്റ്സ് ബ്രദർ ജോയ്സ് തെക്കേവയലിൽ, ബ്രദർ ജിതിൻ മണ്ണഞ്ചേരിൽ, സിസ്റ്റർ ജീവാ ജോസ്, ഓഫീസ് സ്റ്റാഫ്, ജഡ്ജസ് തുടങ്ങിയവർക്ക് ആത്മാർത്ഥമായ നന്ദി.

**രൂപതാ ബൈബിൾ കലോത്സവം - മത്സരഫലങ്ങൾ**

**സെന്റ് ഡോമിനിക് സാവിയോ വിഭാഗം**

**ലളിതഗാനം - ആൺകുട്ടികൾ**

Ist ജോർജ് ജോസഫ് മുക്കുങ്കൽ, കൊല്ലമുള

IInd അതുൽ തോമസ് വള്ളിമല, അണക്കര

IIIrd അലൻ കുര്യൻ പുത്തൻപുരയ്ക്കൽ, കോരുത്തോട്
എയ്ഡൻ കെ. സെബിൻ കൊല്ലംപറമ്പിൽ, എലിക്കുളം

**ലളിതഗാനം - പെൺകുട്ടികൾ**

Ist അൽഫോൻസാ ജോസഫ് മണ്ണാറാത്ത്, രാജഗിരി
IInd മരിയ മാത്യു ഈരംപ്ലാക്കൽ, മുക്കൂട്ടുതറ
IIIrd മരിയ ചാക്കോ വള്ളിക്കുന്നേൽ, വെള്ളാരംകുന്ന്

**പ്രസംഗം - ആൺകുട്ടികൾ**

Ist സെബാസ്റ്റ്യൻ തോമസ് നെല്ലിയാനി, പുളിയൻമല
IInd നിക്കോളാസ് എബ്രാഹം വാഴവേലിൽ, കുന്നുംഭാഗം
IIIrd ഇമ്മാനുവേൽ ജോർജ് മംഗലത്തിൽ, രാജഗിരി

**പ്രസംഗം - പെൺകുട്ടികൾ**

Ist അന്ന ഫിലിപ്പ് ഇരുപ്പക്കാട്ട്, ഇളങ്ങുളം
IInd റോസ് ദേവസ്യ കൊളത്തംവേലിൽ, വെച്ചൂച്ചിറ
IIIrd അന്ന ജെയിംസ് പ്ലാത്തോട്ടം, ചേമ്പളം

**പദ്യോച്ചാരണം**

Ist എലിസബത്ത് തോമസ് മൊളോപ്പറമ്പിൽ, പാലമ്പ്ര
IInd അന്ന മരിയ ഊട്ടുകളത്തിൽ, കൊല്ലമുള
മാത്യു എബ്രാഹം മരങ്ങാട്ട്, കട്ടപ്പന
IIIrd മരിയ എഫ്രേം മൂക്കിലിക്കാട്ട്, എലിക്കുളം

**സെന്റ് അൽഫോൻസാ വിഭാഗം**

**ലളിതഗാനം - ആൺകുട്ടികൾ**

Ist തോമസ് തോമസ് കടംതോട്, ചക്കുപള്ളം
IInd സെബാസ്റ്റ്യൻ ഐസക്ക്, തൈപ്പറമ്പിൽ, അറയാഞ്ഞിലിമണ്ണ്
IIIrd അലൻ ഷിജു പാറേമാക്കൽ, കോരുത്തോട്
ജോസഫ് റ്റോബി മടുക്കക്കുഴി, പൊടിമറ്റം

**ലളിതഗാനം - പെൺകുട്ടികൾ**

Ist തെരേസ് ദേവസ്യ വിരുത്തിയിൽ, ആനക്കല്ല്
IInd അന്ന മാത്യു പുളിക്കൽ, നസ്രാണിപുരം
ഡോണ മരിയ ബിജു മുക്കുങ്കൽ, പൊടിമറ്റം
IIIrd നിഖിത മനോജ് കൈപ്പനാനിക്കൽ, എലിക്കുളം

**പ്രസംഗം - ആൺകുട്ടികൾ**

Ist ആൽഫ്രഡ് റ്റോം ജോയ്സ്, നാമ്പൂഴിയിൽ, മുണ്ടക്കയം

IInd ജോർജ് ജോർജ് ചക്കാലയിൽ, മേരികുളം

IIIrd ആൽഫ്രഡ് സാബു മണ്ണംപ്ലാക്കൽ, ചിറക്കടവ്

**പ്രസംഗം - പെൺകുട്ടികൾ**

Ist എലിസബത്ത് ഫ്രാൻസീസ് തൊട്ടിയിൽ, കട്ടപ്പന

IInd ക്രിസ്റ്റി സെബാസ്റ്റ്യൻ താന്നിക്കൽ, ചെങ്ങളം

IIIrd അന്ന ജോസി തെക്കുംപുറത്ത്, പത്തനംതിട്ട

**പദ്യോച്ചാരണം**

Ist ആൻ മരിയ അജി കിളിരൂപറമ്പിൽ, ചാമംപതാൽ

IInd തെരേസ് ദേവസ്യ വിരുത്തിയിൽ, ആനക്കല്ല്

IIIrd അന്ന ജോസി തെക്കുംപുറത്ത്, പത്തനംതിട്ട

## സെന്റ് തോമസ് വിഭാഗം

**ലളിതഗാനം - ആൺകുട്ടികൾ**

Ist അബ്രാഹം മൈക്കിൾ ചരളയിൽ, കട്ടപ്പന

IInd മാർവെൽ ജെയിംസ് പേക്കാവിൽ, ചെല്ലാർകോവിൽ

IIIrd തോമസ് ചെറിയാൻ ശാന്തിനിലയം, കണ്ണംപള്ളി

**ലളിതഗാനം- പെൺകുട്ടികൾ**

Ist ത്രേസ്യാമ്മ ജോസഫ് ഇല്ലിക്കമുറിയിൽ, നെറ്റിത്തൊഴു

IInd അന്ന സെബാസ്റ്റ്യൻ പുഞ്ചാൽ, പത്തനംതിട്ട

IIIrd മരിയ ആന്റണി കടംതോട്, എരുത്വാപ്പുഴ
മറിയം ജെയിംസ് കാവുങ്കൽ, പീരുമേട്

**പ്രസംഗം - ആൺകുട്ടികൾ**

Ist നോയൽ ഷിജി കൊല്ലംപറമ്പിൽ, കോരുത്തോട്

IInd മാത്യു മാത്യു മറ്റത്തിൽ, കാഞ്ഞിരപ്പള്ളി

IIIrd ദേവസ്യാ ജോസഫ് തുരുത്തിപ്പള്ളിൽ, മുക്കൂട്ടുതറ

**പ്രസംഗം - പെൺകുട്ടികൾ**

Ist മരിയ ബിനു വളവനാൽ, വെച്ചൂച്ചിറ

IInd അന്ന സെബാസ്റ്റ്യൻ പുഞ്ചാൽ, പത്തനംതിട്ട

IIIrd ആൻ മേരി പീടിയേക്കൽ, ഇടമൺ

**സമൂഹഗാനം**

Ist ഇൻഫന്റ് ജീസസ് സൺഡേസ്കൂൾ എരുത്വാപ്പുഴ

IInd സെന്റ് ജോർജ് സൺഡേസ്കൂൾ കട്ടപ്പന

IIIrd മേരി മാതാ സൺഡേസ്കൂൾ, പത്തനംതിട്ട

**ഓവറോൾ ചാമ്പ്യൻഷിപ്പ്**

Ist എരുമേലി ഫൊറോന

IInd കട്ടപ്പന ഫൊറോന

സെന്റ് തോമസ് വിഭാഗം : എരുമേലി ഫൊറോന

സെന്റ് അൽഫോൻസാ വിഭാഗം : പൊൻകുന്നം ഫൊറോന

സെന്റ് ഡോമിനിക്ക് സാവിയോ വിഭാഗം : എരുമേലി ഫൊറോന

**വാർഷികപ്പരീക്ഷ : സെന്റ് തോമസ് വിഭാഗം**

10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ വാർഷികപ്പരീക്ഷ ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തപ്പെടുന്നതാണ്. 10, 12 ക്ലാസുകളുടെ ആകെ മാർക്ക് 35 ലും 11-ാം ക്ലാസിന്റേത് 30 ലുമാണ്. (10 മാർക്ക് പ്രോജക്ട്, 30 മാർക്ക് internal). കുട്ടികൾ തയ്യാറാക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് ഇടവകയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

**കാവൽവിളക്ക് സീസൺ 5**

സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഡിസംബർ 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മുതൽ 4.30 വരെ കാവൽവിളക്ക് എന്ന പേരിൽ ഓൺലൈൻ കോൺഫ്രൻസ് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖസന്ദേശം നല്കിയ സമ്മേളനം സിനഡൽ മതബോധനകമ്മീഷൻ ചെയർമാൻ മാർ ജോർജ് ഞരളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ വിശ്വാസജീവിതപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി തലശ്ശേരി അതിരൂപതാസഹായമെത്രാൻ മാർ ജോസഫ് പാമ്പ്ലാനി പിതാവ് ക്ലാസ് നയിച്ചു. ക്ലാസിനെ ആസ്പദമാക്കി വിവിധ ഇടവകകളിൽ ചർച്ചകളും ക്വിസ് പ്രോഗ്രാമുകളും ക്രമീകരിക്കപ്പെട്ടു. Zoom meeting-ൽ ആയിരം പേർ പങ്കെടുത്ത വെബിനാറിൽ അന്നേദിവസംതന്നെ പതി

നോരായിരത്തോളം പേർ യുട്യൂബ് ചാനൽവഴി പരിപാടികൾ വീക്ഷിച്ചത് ബഹു. വികാരിയച്ചന്മാരുടെയും ഹെഡ്മാസ്റ്റർമാരുടെയും പ്രത്യേക ശ്രദ്ധകൊണ്ടുമാത്രമാണെന്ന കാര്യം അനുസ്മരിക്കുകയും വെബിനാറിന്റെ വിജയത്തിനായി പ്രയത്നിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്യുന്നു.

**ലോഗോസ് ക്വിസ്**

കുട്ടികളുടെ പരീക്ഷകൾ മാർച്ച് മാസത്തിൽ നടക്കുന്നതിനാൽ ഏപ്രിൽ മാസത്തിൽ ലോഗോസ് ക്വിസ് നടത്തുമെന്നാണ് കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസിൽ നിന്നും അറിയിച്ചിരിക്കുന്നത്.

**മാത്യു കുര്യാക്കോസ് മേപ്പലക്കാട്ട് മെമ്മോറിയൽ മതാധ്യാപക ക്വിസ്**

വിശ്വാസപരിശീലനരംഗത്ത് 77 വർഷങ്ങൾ സ്തുത്യർഹമായ ശുശ്രൂഷചെയ്ത കുട്ടിസാറിന്റെ ഓർമ്മ നിലനിർത്തിക്കൊണ്ട് പുനർനാമകരണം ചെയ്തു നടത്തപ്പെട്ട മതാധ്യാപകക്വിസ്സിൽ വിവിധ ഇടവകകളിൽനിന്നുള്ള 60 ടീമുകൾ പങ്കെടുത്തു. ഗൂഗിൾ ഫോമിൽ നടത്തപ്പെട്ട ക്വിസ് മത്സരത്തിൽ രണ്ടാം റൗണ്ടിലേയ്ക്കു പ്രവേശിച്ച 23 ടീമുകളിൽനിന്നും ആദ്യ അഞ്ചു സ്ഥാനക്കാരായ ടീമുകളോട് വീഡിയോകോൾ നടത്തി മൂന്നാം റൗണ്ട് പൂർത്തിയാക്കി.

അണക്കര, ആലംപള്ളി, കുട്ടിക്കാനം, നെറ്റിത്തൊഴു, ആനിക്കാട് എന്നീ ഇടവകകളിൽ നിന്നുള്ള ടീമുകൾ യഥാക്രമം ഒന്നുമുതൽ 5 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കി ക്യാഷ് അവാർഡിനും എവർറോളിംഗ് ട്രോഫിക്കും അർഹരായി.

**സമ്മാനാർഹരായവരുടെ പേരുകൾ**

1) അനുമോൾ പ്ലാമൂട്ടിൽ, മേഘ പൊന്നമ്പേൽ - അണക്കര
2) സി. ജെസ്സി ജോസഫ് MLF, സി. ഐറിൻ മരിയ MLF –ആലംപള്ളി
3) സി. സിൽവി SH, ബീനാ സ്റ്റാൻലി - കുട്ടിക്കാനം
4) സി. സിൽവിയ CMC, ജിൽബി മാത്യു - നെറ്റിത്തൊഴു
5) ആന്റണി ഒ.എ. ഓലിക്കൽ, ബിന്ദു ആന്റണി - ആനിക്കാട്

## ആദ്യകുമ്പസാരവും വിശുദ്ധ കുർബാനസ്വീകരണവും

2020 മെയ് മാസത്തിൽ നടക്കേണ്ടിയിരുന്ന നാലാം ക്ലാസിലെ കുട്ടികളുടെ ആദ്യകുമ്പസാരവും ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണവും ഇക്കഴിഞ്ഞ നാളുകളിൽ വിവിധ ഇടവകകളിൽ നടത്തപ്പെട്ടു. പ്രസ്തുത കുട്ടികൾക്ക് 10 വയസ്സ് കഴിഞ്ഞതിനാലും ഇപ്പോൾ അവർ അഞ്ചാം ക്ലാസിൽ പഠിക്കുന്നതിനാലും ഇനിയും നടത്താനുള്ള ഇടവകകളിൽ ആവശ്യമായ ഒരുക്കം നടത്തി ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അവ ക്രമീകരിക്കുവാനും തുടർന്നും ആ കുട്ടികളെ പ്രത്യേകമായി പരിഗണിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## മറ്റ് അറിയിപ്പുകൾ

- കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ വർഷം സ്കോളർഷിപ്പ് പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല.
- 10, 12 ക്ലാസുകൾക്ക് Centralised Valuation ഉണ്ടായിരിക്കുന്നതല്ല.
- CTC 36-ാം ബാച്ചിന്റെ പരീക്ഷ - ജനുവരി 17 ഞായർ
- HDC 5-ാം ബാച്ചിന്റെ പരീക്ഷ - ജനുവരി 24 ഞായർ
- വിശ്വാസജീവിതപരിശീലകരുടെ ലേഖനങ്ങൾ സമർപ്പിക്കേണ്ട അവസാനതീയതി : 2021 ഫെബ്രുവരി 28; വിഷയം: കുടുംബം ഈശോയോടൊത്ത്. പ്രതിസന്ധികൾക്കുമപ്പുറത്തേയ്ക്ക്
- കുട്ടികളുടെ കൈയെഴുത്തുമാസിക : വിഷയം - കുടുംബം ഭൗമികപറുദീസ (സമർപ്പിക്കേണ്ട അവസാനതീയതി ഫെബ്രുവരി 28).

## ലോക്ക്ഡൗണിനു ശേഷമുള്ള ഞായറാഴ്ചകളിൽ സന്ദർശനം നടത്തിയ ഇടവകകൾ

കത്തീഡ്രൽ, കുന്നുംഭാഗം, ഇഞ്ചിയാനി, ചാമംപതാൽ, നെയ്യാട്ടുശ്ശേരി, പുളിയന്മല, ചോറ്റുപാറ, കരുണാപുരം, കോരുത്തോട്, വണ്ടൻപതാൽ, മടുക്ക, വെള്ളാരംകുന്ന്, ശാന്തിഗിരി, കുമളി, അട്ടപ്പള്ളം, കണ്ണിമല, പുത്തൻകൊരട്ടി, സന്യാസിയോട, തേർഡ്ക്യാമ്പ്, മുണ്ടിയെരുമ, പാമ്പാടുംപാറ, ചെങ്കൽ, പുല്ലാനിത്തകിടി.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**മിഷൻസന്ദേശ്**

സീതത്തോട് ഇടവകദൈവാലയ നിർമ്മാണത്തിനായി ഈ പ്രതിസന്ധി ഘട്ടത്തിലും മനസ്സുതുറന്ന് സംഭാവന നല്കി സഹകരിച്ച എല്ലാവർക്കും നന്ദി. ഇതിനോടകം 20 ഇടവകകളിൽ നിന്നായി രണ്ടരലക്ഷത്തോളം രൂപയാണ് കേന്ദ്രഓഫീസിൽ ലഭിച്ചിട്ടുള്ളത്. ഇനിയും സീതത്തോടിനെ സഹായിക്കാൻ സന്മനസ്സുള്ളവർ താഴെ പ്പറയുന്ന അക്കൗണ്ടിൽ തുക നിക്ഷേപിച്ച് ഓഫീസിൽ വിളിച്ചറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

Sahyadri Ac.No. 1597

South Indian Bank : Ac. Holder : Vicar General & Director, CML, Diocese of Kanjirapally

Ac. No.: 0113053000005241

Bank Br.: South Indian Bank, Kanjirapally

IFSC : SIBL000113

**നിലയ്ക്കൽ തീർത്ഥാടനം**

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മാത്രം പ്രതീകാത്മകമായി നിലയ്ക്കൽ സന്ദർശിച്ച് പ്രാർത്ഥിച്ചു മടങ്ങുന്നതാണ്. ജനുവരി 26-ാം തീയതി രാവിലെ 9.30 ന് നിലയ്ക്കൽ തുലാപ്പള്ളി ജൂബിലി കപ്പേളയിങ്കൽ ആരംഭിച്ച് 10 മണിക്ക് വിശുദ്ധ കുർബാനയെത്തുടർന്ന് നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയവും സന്ദർശിച്ചു മടങ്ങുന്നതാണ്. ഏതെ

→



# ബൈബിൾ അപ്പോസ്തലേറ്റ്

മാർച്ച് മാസത്തിൽ കുട്ടികളുടെ പരീക്ഷകൾ നിശ്ചയിച്ചിരിക്കുന്നതിനാൽ 2021 ഏപ്രിൽ മാസത്തിൽ ലോഗോസ് ക്വിസ് നടത്തുമെന്നാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസിൽ നിന്നും അറിയിച്ചിരിക്കുന്നത്. കൃത്യമായ വിവരങ്ങൾ അടുത്ത ബുള്ളറ്റിനിൽ നൽകുന്നതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

---

## ചെറുപുഷ്പ മിഷൻ ലീഗ്

ങ്കിലും ഇടവകയിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കാനാഗ്രഹിക്കുന്നെങ്കിൽ ഓഫീസിൽ അറിയിക്കുമല്ലോ.

**ഉണ്ണീശോയെത്തേടി**

രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ LKG, 1, 2 ക്ലാസുകളിലെ കുട്ടികളെ ഉൾച്ചേർത്ത് നല്കിയ ചെറിയ ക്രിസ്തുമസ് സന്ദേശങ്ങൾ വളരെയേറെ ശ്രദ്ധനേടി. ഒപ്പം കൊച്ചുകുഞ്ഞുങ്ങൾക്ക് വളരാനുള്ള ഒരു വലിയ വേദിയായിത്തീർന്നു. ഇതിനായി കുട്ടികളെ ഒരുക്കിയ മിഷൻലീഗ് ആനിമേറ്റേഴ്സ്, ഹെഡ്മാസ്റ്റേഴ്സ്, വിശ്വാസജീവിതപരിശീലകർ, മാതാപിതാക്കൾ തുടങ്ങി എല്ലാവർക്കും ആത്മാർത്ഥമായ നന്ദി.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**സവ്റ 2020**

കാഞ്ഞിരപ്പള്ളി രൂപത SMYM-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സവ്റ-2020 യുവജന സംഗമം വിവിധ ഫൊറോനകളിലായി നടന്നു വരുന്നു. നവംബർ 28, 29 കാഞ്ഞിരപ്പള്ളി, ഡിസംബർ 5, 6 പെരുവന്താനം, ഡിസംബർ 12, 13 കുമളി, ഡിസംബർ 19, 20 മുണ്ടക്കയം, ഡിസംബർ 26, 27 പൊൻകുന്നം എന്നിങ്ങനെ സവ്റ-2020 യുവജന സംഗമം ഏഴു ഫൊറോനകളിൽ പൂർത്തിയായി. പ്രൊഫസർ ശ്രീ. ബിനോ പെരുന്തോട്ടം, ശ്രീ. സാജൻ പാപ്പച്ചൻ, എന്നിവർ ക്ലാസ്സ് നയിച്ചു. സവ്റയുടെ തുടർന്നുള്ള തീയതികൾ ഇപ്രകാരം ആയിരിക്കും.

| | | |
|---|---|---|
| മുണ്ടിയെരുമ | - | ജനുവരി 2, 3 |
| കട്ടപ്പന | - | ജനുവരി 9, 10 |
| റാന്നി - പത്തനംതിട്ട | - | ജനുവരി 16, 17 |
| ഉപ്പുതറ | - | ജനുവരി 23, 24 |
| വെളിച്ചിയാനി | - | ജനുവരി 26 |

**കർഷകസമരത്തിന് പിന്തുണ**

ഡൽഹിയിൽ നടന്നുവരുന്ന കർഷക സമരത്തിന് പിന്തുണ യുമായി കർഷക ബിൽ പിൻവലിക്കുക എന്ന ആവശ്യത്തോടെ വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രതിഷേധങ്ങൾ നടത്തി.

ഡിസംബർ 14-ന് കാഞ്ഞിരപ്പള്ളി ഫൊറോനയുടെ നേതൃത്വത്തിൽ ഡൽഹിയിൽ സമരം നടത്തുന്ന കർഷകർക്ക് പൂർണപിന്തുണ അറിയിച്ചുകൊണ്ട് ബൈക്ക് റാലി നടത്തപ്പെട്ടു. ആർച്ച് പ്രീസ്റ്റ് ഫാ. വർഗീസ് പരിന്തിരിക്കൽ ഫൊറോനാ പ്രസിഡന്റ് ശ്രീ. തോമാച്ചൻ കത്തിലാങ്കലിന് എസ്.എം.വൈ.എം പതാക നൽകി ക്കൊണ്ട് റാലി ഫ്ളാഗ് ഓഫ് ചെയ്തു.

ഡിസംബർ 15-ന് കട്ടപ്പന ഫൊറോനായുടെ നേതൃത്വത്തിൽ കട്ടപ്പന ഗാന്ധി സ്ക്വയറിൽ നില്പ് സമരം നടത്തി. നില്പ് സമരം കാഞ്ഞിരപ്പള്ളി രൂപത SMYM ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുര യ്ക്കൽ ഉദ്ഘാടനം നടത്തി. SMYM ഫൊറോനാ പ്രസിഡന്റ് ആദർശ് കുര്യൻ അധ്യക്ഷത വഹിച്ചു.

എരുമേലി ഫൊറോനയുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും പന്തം കൊളുത്തി പ്രകടനം നടത്തി. അതെത്തുടർന്ന് കാർഷിക ബിൽ കത്തിച്ചു യുവജനങ്ങൾ പ്രതിഷേധിച്ചു.

വെളിച്ചിയാനി ഫൊറോനാ SMYM ന്റെ നേതൃത്വത്തിൽ വിവാദ കാർഷിക ബില്ല് കത്തിക്കുകയും, ആ തീയിൽ നിന്ന് പകർന്ന അടുപ്പിൽ കപ്പവേവിച്ചു ഭക്ഷിക്കുകയും ചെയ്തു. ഫൊറോനാ ഡയറക്ടർ ബഹുമാനപ്പെട്ട ആൽബിൻ കുഴിക്കാട്ടച്ചൻ ഉത്ഘാടനം ചെയ്തു, പ്രസിഡന്റ് ഷിന്റോ ഊഴികാട്ട് അധ്യക്ഷനായിരുന്നു

കുമളി ഫൊറോന SMYM ന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിലായി പ്രതിഷേധ പ്രകടനങ്ങൾ നടത്തി.

ഡിസംബർ 17 ന് റാന്നി പത്തനംതിട്ട ഫൊറോനയുടെ നേതൃത്വത്തിൽ റാന്നി ടൗണിൽ കർഷക സമരത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് പ്രതിഷേധറാലി നടത്തി.

ഡിസംബർ 20 ന് അണക്കര ഫൊറോന SMYM ന്റെ നേതൃത്വത്തിൽ ഇടവക കേന്ദ്രീകൃതമായി ബോധവത്കരണ പരിപാടികൾ നടത്തി. പൊതുനിരത്തിൽ ഭക്ഷണം കഴിച്ചും കാർഷിക

ബിൽ കത്തിച്ചും കേന്ദ്ര സർക്കാർ സ്ഥാപനമായ പോസ്റ്റ് ഓഫീസ് ഉപരോധിച്ചും തെരുവുനാടകം അവതരിപ്പിച്ചും പ്രതിഷേധം നടത്തി.

പൊൻകുന്നം ഫൊറോന SMYM ന്റെ നേതൃത്വത്തിൽ പൊൻകുന്നം ടൗണിൽ കരിങ്കൊടി കെട്ടി ബൈക്ക് റാലി നടത്തി, കർഷക ബിൽ കത്തിക്കുകയും കർഷകർക്കൊപ്പം പണിചെയ്തു പ്രതിഷേധിക്കുകയും, പട്ടിണി ദിനം ആചരിക്കുകയും ചെയ്തു.

**ക്രിസ്തുമസ് സന്ദേശം**

ക്രിസ്തുമസിന് ഉണ്ണീശോയെ എതിരേൽക്കുവാനായി നോമ്പുദിനങ്ങളെ ധ്യാനാത്മകമാക്കാൻ രൂപതയിലെ വിവിധ യുവജനങ്ങൾ വീഡിയോ സന്ദേശത്തിലൂടെ 25 ദിവസവും ക്രിസ്തുമസ് സന്ദേശങ്ങൾ നൽകി.

**ഫൊറോന സെനറ്റ്, തിരഞ്ഞെടുപ്പ്**

2020 വർഷത്തെ ഫൊറോനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി എല്ലാ ഫൊറോനകളും ഫൊറോനാ വാർഷിക സെനറ്റ് സമ്മേളനം നടത്തേണ്ടതാണ്. ഫൊറോനാ സെനറ്റിൽ മികച്ച പ്രകടനം നടത്തിയ യൂണിറ്റുകളെ തിരഞ്ഞെടുക്കുകയും അവരുടെ റിപ്പോർട്ടുകൾ ബെസ്റ്റ് യൂണിറ്റ് അവാർഡിനായി രൂപതയിൽ സമർപ്പിക്കുകയും ചെയ്യണം.

2021 വർഷത്തേക്കുള്ള ഫൊറോനാ സമിതി തിരഞ്ഞെടുപ്പ് ജനുവരി 26-ന് മുമ്പായി എല്ലാ ഫൊറോനകളും പൂർത്തിയാക്കണം.

ഡിസംബർ 20 ഞായറാഴ്ച അണക്കര ഫൊറോനയുടെ വാർഷിക സെനറ്റും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

**രൂപതാസെനറ്റ്, തിരഞ്ഞെടുപ്പ്**

2020 വാർഷിക സെനറ്റ് സമ്മേളനവും 2021 പ്രവർത്തന വർഷത്തെ രൂപതാസമിതി തിരഞ്ഞെടുപ്പും 2021 ഫെബ്രുവരി 14

ഞായറാഴ്ച നടത്തും. കോവിഡ് പശ്ചാത്തലത്തിൽ പതിവ് ക്യാമ്പ് രീതിയിൽ നിന്നും വ്യത്യസ്തമായി ഒരു ദിവസം മാത്രമായി സെനറ്റ് കുറച്ചിരിക്കുകയാണ്. കോവിഡ് ഭീതി മാറുകയാണെങ്കിൽ പതിവ് രീതിയിൽ 13 ശനിയാഴ്ച സെനറ്റ് ആരംഭിക്കും. .

സെനറ്റ് സമയക്രമം

| | |
|---|---|
| 9.00 am | രജിസ്ട്രേഷൻ |
| 9.30 am | പ്രാർത്ഥന |
| 9.40 am | ക്ലാസ്സ് |
| 11.30 am | ഇലക്ഷൻ |
| 12.30 pm | പരിശുദ്ധ കുർബാന |
| 1.30 - 2.00 pm | ഉച്ചഭക്ഷണം |
| 2.00 - 3.30 pm | ഫൊറോനാറിപ്പോർട്ട് അവതരണം |
| 3.30 - 4.30 pm | വാർഷിക സമ്മേളനം, |
| | സമ്മാനദാനം. |

**ആദരാഞ്ജലികൾ**

നമ്മളിൽ നിന്നും വേർപിരിഞ്ഞുപോയ പുഞ്ചവയൽ ഇടവകാംഗവും SMYM സജീവ പ്രവർത്തകയുമായ ആൻ തെരേസ അബ്രാഹം പൗവ്വത്തിൽ - ന് രൂപത SMYM കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഉടനെ വിവാഹത്തിനായി ഒരുങ്ങുന്നവരോടും പ്രത്യേക അനുവാദം വാങ്ങി വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുക്കാതെ വിവാഹിതരായവരോടും ഈ online ധ്യാനത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

## ബൈബിൾ പകർത്തിയെഴുത്ത് രണ്ടാം ബാച്ച്

കാഞ്ഞിരപ്പള്ളിരൂപതയുടെ മുഖപത്രമായ ദർശകൻ മാസികയും ഫാമിലി അപ്പോസ്തലേറ്റും ചേർന്ന് നടത്തുന്ന ബൈബിൾ പകർത്തിയെഴുത്ത് രണ്ടാം ബാച്ച് ആരംഭിക്കുന്നു.

ദൈവവചനപ്രഘോഷണമാണ് ഈ ഉദ്യമത്തിന്റെ പ്രധാന ലക്ഷ്യം

- വിവിധ ഘട്ടങ്ങളിലായിട്ടാണ് ബൈബിൾ പൂർണ്ണമായും പകർത്തിയെഴുതുന്നത്.
- ഒന്നാം ഘട്ടത്തിൽ വി. മത്തായിയും വി. മർക്കോസും അറിയിച്ച സുവിശേഷങ്ങളാണ് പകർത്തി എഴുതേണ്ടത്. ഇത് 2021 ജനുവരി 1 – ന് ആരംഭിച്ച് 2021 ജനുവരി 31–ന് അവസാനിക്കും. അടുത്തഘട്ടം 2021 ഫെബ്രുവരി 1– ന് ആരംഭിക്കും. ഒന്നാംഘട്ടം

പൂർത്തിയാക്കുന്നവർക്കാണ് അടുത്തഘട്ടത്തിൽ പ്രവേശിക്കാൻ സാധിക്കുക.

- ഈ ഉദ്യമത്തിൽ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ Bible 2 എന്ന് ടൈപ്പ് ചെയ്ത് 8289842002 എന്ന നമ്പറിലേക്ക് വാട്സാപ്പ് ചെയ്യുക.
- A4 പേപ്പറിലാണ് പകർത്തി എഴുതേണ്ടത്. ഇംഗ്ലീഷ് ബൈബിളും (New Revised Standard Version - NRSV) / മലയാളം ബൈബിളും (POC) പകർത്തിയെഴുതാം.
- 2021 ജനുവരി 1 മുതൽ പങ്കാളികളാകുന്നവർ ഈ ഉദ്യമത്തിന്റെ 2-ാം ബാച്ചായി കണക്കാക്കപ്പെടും.
- ഈ ഉദ്യമം ഭംഗിയായി പൂർത്തീകരിക്കുന്നവർക്ക് പ്രത്യേക ഉപ ഹാരവും സർട്ടിഫിക്കറ്റും മെഡലും നൽകി ആദരിക്കുന്നതിനോ ടൊപ്പം രൂപതാതലത്തിൽ സംഗമവും നടത്തുന്നതാണ്.
- ഒന്നാം ബാച്ചിൽ നാനൂറോളം പേർ ഈ ഉദ്യമത്തിൽ പങ്കെടുത്തു കൊണ്ടിരിക്കുന്നു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദപ്രശ്നമത്സരത്തിന്റെ 27 ഭാഗങ്ങൾ പൂർത്തിയായി

**സമ്മാനാർഹരായവർ**

MVQ - 24 : ഗ്രേസിക്കുട്ടി തോമസ്, അടിച്ചിലാമാക്കൽ, എരുമേലി

MVQ - 25 : ഷാന്റി മാത്യു, പന്തിരുവേലിൽ, പൊൻകുന്നം

MVQ - 26 : കൊച്ചുറാണി തോമസ്, ഏർത്തുകുന്നേൽ, ശാന്തിഗിരി

MVQ - 27 : റോസമ്മ ആന്റണി, പാലാത്തറ, കരുണാപുരം

പദപ്രശ്നചോദ്യങ്ങൾ അയച്ചുതന്നവരിലെ വിജയികൾ

MVQ - 27 : ഗ്രേസി രാജൻ, അക്കാട്ട്, അണക്കര

MVQ - 28 : ജിക്കി മാത്യു, മഞ്ഞാങ്കൽ, തരകനാട്ടുകുന്ന്

**മാതൃവേദി കലോത്സവം**

മാതൃവേദി ഇടവക, ഫൊറോനാ, രൂപതാതല മത്സരങ്ങൾ പൂർത്തിയായി.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**പ്രോജക്ട് ഗ്രീൻ പാരീഷ്**

പ്രോജക്ട് ഗ്രീൻ പാരീഷിന്റെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതാ മെത്രാസനമന്ദിരത്തോടനുബന്ധിച്ചുള്ള സ്ഥലത്ത് പ്രോജക്ട് ടീം രണ്ടാംഘട്ട ജോലികൾ ആരംഭിച്ചു.

## Department of Liturgy and Sacred Music

**ഗായകസംഘാംഗങ്ങളുടെ വിവരശേഖരണം**

കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ ഇടവകകളിൽനിന്നും ഗായകസംഘാംഗങ്ങളുടെ വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു. ഫൊറോനാതിരിച്ച് നല്കപ്പെടുന്ന ഗൂഗിൾഫോം പൂരിപ്പിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്.

**ഗായകസംഘാംഗങ്ങൾക്കു പരിശീലനം**

ഗായകസംഘങ്ങൾക്ക് സംഘമായി പാടുന്നതിനുള്ള പരിശീലനത്തിന്റെ ഭാഗമായി കട്ടപ്പന, മുണ്ടക്കയം, കീരിക്കര, ചേനപ്പാടി എന്നീ ഇടവകകളിൽ ക്ലാസുകൾ നല്കുകയും പാട്ടുകൾ പാടി റെക്കോർഡ് ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഡിസംബർ 2020**

06 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിക്കുകയും മൂന്നും നാലും വർഷ വൈദികവിദ്യാർത്ഥി കളുമായി കോൺഫറൻസ് നടത്തുകയും ചെയ്തു.

08 പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാളിൽ ബഹു. വട്ടത്തറയച്ചൻ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽപിതാവിന്റെ ജന്മദിനം ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് വിശുദ്ധ കുർബാനയർപ്പി ക്കുകയും സന്ദേശം നൽകുകയും ചെയ്തു.

11-14 വൈദികവിദ്യാർത്ഥികൾക്കായുള്ള ഈ വർഷത്തെ വാർഷി കധ്യാനം ബഹു. ജോഷി വാണിയപ്പുരയ്ക്കലച്ചന്റെ നേതൃ ത്വത്തിൽ നടത്തപ്പെട്ടു.

14 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഒന്നും രണ്ടും വർഷ വൈദികവിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തുകയും ചെയ്തു.

18 മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ ദിനത്തിൽ ബഹു. പന്നലക്കുന്നേലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24 മിശിഹായുടെ തിരുപ്പിറവിയനുസ്മരിച്ച് പാതിരാ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

25 ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് വൈദികവി ദ്യാർത്ഥികൾ കരോൾ ഗാനങ്ങൾ ആലപിച്ചു.

28-29 ഈ വർഷത്തെ കലാകായിക മത്സരങ്ങൾ നടത്തപ്പെട്ടു.

**ഫാ. ജോൺ പനച്ചിക്കൽ**

**റെക്ടർ**



# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

2020 ഡിസംബർ 14 – ന് ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ സോണൽ സേവനസമിതി കൂടുകയുണ്ടായി. രാവിലെ 10.30 ന് പ്രാർത്ഥനയോടെ ആരംഭിച്ച കൂട്ടായ്മ ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിച്ചു. കൊറോണ കാലഘട്ടത്തിലെ ആത്മീയാനുഭവങ്ങൾ ഓരോരുത്തരും പങ്കുവച്ചു. പിന്നീട് റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും സേവനസമിതി അംഗങ്ങൾ ഗൂഗിൾ മീറ്റ് വഴി 9 p.m. മുതൽ 10 p.m. വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു.

**കെ.എ.സി. മീറ്റിംഗ്**

ഡിസംബർ 7–ാം തീയതി നടന്ന കെ.എ.സി. ഓൺലൈൻ മീറ്റിംഗിൽ സോണിൽ നിന്നും ആറ് പേർ സംബന്ധിച്ചു.

**എംപവർ കോൺഫറൻസ്**

നവംബർ 23, 24, 25 തീയതികളിൽ എൻ.സ്.സി. യുടെ നേതൃത്വത്തിൽ നടന്ന എംപവർഗോൾഡൻ ജൂബിലി ലീഡേഴ്സ് കോൺഫറൻസിൽ കാഞ്ഞിരപ്പള്ളി സോണിൽ നിന്നും 10 പേർ പങ്കെടുത്തു.

**എൽ.എസ്.എസ്. പ്രോഗ്രാം**

കോർഡിനേറ്റർ ശ്രീ. ചാക്കോച്ചൻ കടമപ്പുഴയുടെ നേതൃത്വത്തിൽ എൽ.എസ്.എസ്. പരിശീലനത്തിന്റെ ഭാഗമായി സോണിൽ പത്ത് മെന്റേഴ്സിനെ കണ്ടെത്തുകയും അവരുടെ നേതൃത്വത്തിൽ നാല് സബ്സോണുകളിൽ വിവിധ വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ തുടങ്ങി ഭംഗിയായി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു.

### മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രി

സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും 4.30 p.m. മുതൽ 6.00 p.m. വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. കൂടാതെ സബ്റീജൻ, NIN പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥന എല്ലാ ഞായറാഴ്ചകളിലും നടത്തുന്നതിൽ പങ്കെടുത്തുവരുന്നു. മറ്റ് ദിവസങ്ങളിൽ വിവിധ സബ്സോണുകളിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. ബുറെലി ചുഴലികൊടുങ്കാറ്റ് ശാന്തമാകുവാൻ വേണ്ടിയുള്ള കേരള ചെയിൻ മദ്ധ്യസ്ഥപ്രാർത്ഥന - ഡിസംബർ 3 വ്യാഴാഴ്ച 6 p.m. മുതൽ ഡിസംബർ 4 വെള്ളിയാഴ്ച 6 p.m. വരെ എമ്മാവൂസിൽ ക്രമീകരിച്ചതിനോട് ചേർന്ന് 10 പേർ സോണിൽ നിന്നും പ്രാർത്ഥനയിൽ പങ്കുചേർന്നു. സെൻട്രൽ മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഡിസംബർ 23-ാം തീയതി നടത്തിയ ക്രിസ്മസ് സന്ധ്യ പ്രോഗ്രാമിൽ സോണിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

### തൂവാനിസാ മിനിസ്ട്രി

തൂവാനിസാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ ആരംഭിച്ച അഖണ്ഡജപമാല ശുശ്രൂഷ ഇപ്പോഴും മുടങ്ങാതെ തുടർന്നുവരുന്നു.

### ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി (Lords Couples Ministry)

2020 നവംബർ 22 - ന് നടന്ന നാഷണൽ ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി സൂം മീറ്റിൽ സോണിൽ നിന്നും ടോണി - മേരിക്കുട്ടി ദമ്പതികൾ പങ്കെടുത്തു. ആൾ കേരളാ ലോർഡ്സ് കപ്പിൾസ് സെൻട്രൽ ഗ്രൂപ്പിൽ ഇവരുടെ സാക്ഷ്യം സംപ്രേഷണം നടത്തിയിരുന്നു.

### ക്രിസ്റ്റിൻ മിനിസ്ട്രി

ലോക്ക്ഡൗൺ കാലഘട്ടത്തിൽ വളരെയേറെ കാര്യങ്ങൾ ക്രിസ്റ്റിൻ മിനിസ്ട്രി വഴി നടന്നുവരുന്നു. വചനക്കളരി, വചനമെഴുത്ത്, ഡിക്ലമെഷൻ മത്സരം, വചനവീഡിയോ പ്രോഗ്രാമുകൾ, അൽഫോൻസാ പ്രസന്റേഷൻ, അൽഫാ ബൈബിൾ ക്ലാസ്, വിളക്കുമരം പ്രോഗ്രാമുകൾ പ്രധാനമായും നടത്തുന്നു.

# ആവേ മരിയ റിട്രീറ്റ് സെന്റർ

പഴയകൊരട്ടി ആവേമരിയ നിത്യാരാധന ചാപ്പലിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ എല്ലാ ദിവസങ്ങളിലും നിത്യാരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

### വിമലഹൃദയപ്രതിഷ്ഠ

നവംബർ 5 തുടങ്ങി ഡിസംബർ 8 ന് അവസാനിച്ച 33 ദിവസത്തെ വിമലഹൃദയപ്രതിഷ്ഠ എൽ.എസ്.എസ്. ഗ്രൂപ്പുകൾ വഴി നടത്തി.

എമ്മാവൂസ് തിരുമണിക്കൂർ നിത്യാരാധന സൂം/ഗൂഗിൾ വെർച്വൽ ലിങ്കിൽ - 2021 ജനുവരി 1 മുതൽ ആരംഭിക്കുന്നു. സമയം പകൽ 12 മുതൽ 1 വരെ.

എല്ലാവർക്കും ക്രിസ്മസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ കരിസ്മാറ്റിക് കുടുംബത്തിൽ നിന്നും നേരുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

## U. S ഓൺലൈൻ ധ്യാനം

ഡിസംബർ 3, 4 തിയതികളിലായി അമേരിക്കയിൽ ഉള്ളവർക്കുവേണ്ടി ധ്യാനം നടത്തി. ബഹു. ഡോമിനിക്കച്ചൻ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജെയ്സൺ, ബ്ര. ജോസി എന്നിവർ വചനശുശ്രൂഷകളിൽ സഹായിച്ചു.

## ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ

ഡിസംബർ 5 ന് രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

## വൈദികർക്കുള്ള ധ്യാനം

ഡിസംബർ 15, 16, 17 തിയതികളിലായി വൈദികർക്കുവേണ്ടി ധ്യാനം നടന്നു. ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ വചന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജയ്സൺ, ബ്രദർ ജോസി, എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

## കൃപാഭിഷേകം ഓൺലൈൻ കൺവെൻഷൻ – 'നിലനിൽപ്പ്'

ക്രിസ്തുമസിന് ഒരുക്കമായി ഡിസംബർ 20, 21, 22 തിയതികളിൽ വൈകുന്നേരം 5 മണിമുതൽ രാത്രി 9.30 വരെ കൃപാഭിഷേകം കൺവെൻഷൻ ഓൺലൈനിലൂടെ നടത്തി. വിശുദ്ധ കുർബാനയ്ക്കും വചന പങ്കുവെയ്ക്കലിനും ബഹുമാനപ്പെട്ട ഡോമിനിക്കച്ചൻ നേതൃത്വം നൽകി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ

ജോബിൻസ്, ബ്രദർ ജെയ്സൺ, ബ്രദർ ജോസി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം നമ്മുടെ YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 നും, വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളി രാവിലെ 6.30നും ചൊവ്വ രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**കൃപാനുഭവ ഓൺലൈൻ ധ്യാനം**

ഡിസംബർ 11, 12, 13 തിയതികളിൽ കൃപാനുഭവ ഓൺലൈൻ ധ്യാനം നടന്നു. വെള്ളിയാഴ്ച വൈകിട്ട് 4 മണി മുതൽ ഞായറാഴ്ച രാവിലെ 10 മണി വരെയായിരുന്നു ധ്യാനം. ബഹുമാനപ്പെട്ട ഡോമിനിക് അച്ചന്റെ നേതൃത്വത്തിൽ നടന്ന ധ്യാനത്തിൽ ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജെയ്സൺ, ബ്ര. ജോസി, ബ്ര. ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**പുതുവർഷാരംഭ പ്രാർത്ഥന**

പുതുവർഷത്തോടനുബന്ധിച്ച് ഡിസംബർ 31 ന് രാത്രി 10 മണി മുതൽ ജനുവരി 1 ന് രാവിലെ 2 മണി വരെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചന്റെ നേതൃത്വത്തിൽ ആരാധനയും നന്ദിപ്രകാശനവും വിശുദ്ധ കുർബാനയും നടന്നു.

**ഓൺലൈൻ ശുശ്രൂഷ**

മരിയൻ ധ്യാനകേന്ദ്രത്തിലൂടെ ഓൺലൈനായി കുരിശിന്റെ

വഴി, വി. കുർബാന, വചനശുശ്രൂഷ, ആരാധന എന്നിവ എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ നടന്നുകൊണ്ടിരിക്കുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ നേതൃത്വം നല്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്യുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**ഫാ. ഡൊമിനിക് വാളമ്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- പ്രാർത്ഥനകളും പരിത്യാഗങ്ങളും അനുഷ്ഠിച്ച് തിരുപ്പിറവിക്ക് ഒരുക്കമായുള്ള ഈ നോമ്പുകാലം അനുഗ്രഹപ്രദമാക്കി ത്തീർക്കുവാൻ സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു.
- കാഞ്ഞിരപ്പള്ളി അക്കരപ്പള്ളിയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടനകേന്ദ്രമായി ഉയർത്തിയ ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി സംബന്ധിച്ചു.
- നിർമ്മലാ തിയോളജി കോളേജിൽ വച്ചു നടത്തിയ റവ. ഫാ. സേവ്യർ കൂടപ്പുഴയുടെ പൗരോഹിത്യസ്വീകരണത്തിന്റെ 60-ാം വാർഷിക ആഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ആശം സകളർപ്പിച്ചു.
- സിസ്റ്റേഴ്സിന്റെ മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും മൃതസംസ്ക്കാരശുശ്രൂഷകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും സംബന്ധിച്ചു.
- ഈ വർഷം ഗോൾഡൻ & സിൽവർ ജൂബിലിക്കാർക്കുള്ള കോഴ്സും ധ്യാനവും പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തി.
- പ്രൊവിൻഷ്യൽ സുപ്പീരിയർ ഏതാനും മഠങ്ങളിൽ കാനോനിക സന്ദർശനം നടത്തി.
- Capuchian International Carol Song Competition - ലും കാഞ്ഞി രപ്പള്ളി രൂപത SMA നടത്തിയ Santa Beatz കരോൾ ഗാനമ ത്സരത്തിലും പങ്കെടുത്തു.
- ഇടവക പള്ളിയിൽ നടത്തിയ അഖണ്ഡജപമാലയിലും ആരാ ധനയിലും ഏതാനും സിസ്റ്റേഴ്സ് പങ്കെടുത്തു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അമലയുടെ നാമഹേതുക തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.
- സി. ഗ്രെയ്സ് വയലിപുരയിടത്തിന്റെ നേതൃത്വത്തിൽ ഹൈറേഞ്ച് മേഖലയിലെ 38 കുടുംബങ്ങൾക്ക് 800 കോഴിക്കുഞ്ഞുങ്ങളെ നൽകി. സാമ്പത്തിക വെല്ലുവിളി നേരിടുന്ന 19 കുടുംബങ്ങൾക്ക് ആട് വളർത്തൽ, തയ്യൽ യൂണിറ്റ്, കേക്ക് നിർമ്മാണം എന്നിങ്ങനെ വിവിധ സ്വയം തൊഴിലിനു പലിശരഹിത ലോൺ നൽകി.
- സഭാസ്ഥാപനദിനമായ ഡിസംബർ 14-ാം തീയതി പോസ്റ്റുലൻസ് നൊവിഷ്യറ്റിൽ പ്രവേശിച്ചു.
- ജനറൽ തലത്തിൽ വാഴ്ത്തപ്പെട്ട റാണി മരിയയുടെ രക്തസാക്ഷിത്വത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ സി. ജസ്‌ലിറ്റും ജൂണിയർ വിഭാഗത്തിൽ സി. അമല എബ്രാഹവും ഒന്നാം സ്ഥാനം നേടി.
- ക്രിസ്തുമസ്സിന് ഒരുക്കമായി സാന്തോം വിഷൻ യുട്യൂബ് ചാനലിലൂടെ ക്രിസ്തുമസ് ചിന്തകൾ പങ്കുവയ്ക്കുകയും ഓൺലൈൻ കരോൾഗാന മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.
- നവീകരിച്ച എഫ്.സി.സി. നിയമാവലി പഠനവിഷയമാക്കുന്നതിനായി പ്രൊവിൻസ് തലത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കി പരീക്ഷകൾ നടത്തി.
- നിർമ്മലാ തിയോളജിക്കൽ കോളേജിൽ നടത്തിയ ഡോ. സേവ്യർ കൂടപ്പുഴ അച്ചന്റെ പൗരോഹിത്യവജ്രജൂബിലി ആഘോഷത്തിൽ സി. റ്റെസ് മരിയ, സി. ലിറ്റി എന്നിവർ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

- പെരുവന്താനം, ചേനപ്പാടി, വെളിച്ചിയാനി, ചിന്നാർ, പോത്തുപാറ എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യാളമ്മ കാനോനികസന്ദർശനം നടത്തി.
- മദ്യപാനത്തിന് അടിപ്പെട്ട 25 വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും പേഴ്സണൽ കോൺടാക്ടിലൂടെ അതിൽനിന്നും മുക്തി നേടുന്നതിനുവേണ്ട സഹായവും നിർദ്ദേശങ്ങളും നൽകി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- പരിശുദ്ധ അമലോത്ഭവമാതാവിന്റെ നാമധാരിയായ ബഹു. പ്രൊവിൻഷ്യാളമ്മയുടെ നാമഹേതുകതിരുനാൾ നവംബർ 29-ാം തീയതി ആഘോഷിച്ചു. രൂപതാ വികാരി ജനറാൾ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ അന്നേ ദിവസം ബഹു. അമ്മയ്ക്കുവേണ്ടി വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു. സ്വദേശത്തും വിദേശത്തുമുള്ള സിസ്റ്റേഴ്സ് ഓൺലൈനായി അമ്മയ്ക്ക് മംഗളങ്ങൾ നേർന്നു.
- പ്രൊവിൻസിലെ ഭവനങ്ങൾ 25 യൂണിറ്റായി തിരിഞ്ഞ് ഡിസംബർ 1 മുതൽ 25 വരെ തീയതികളിൽ 'വചനവിളക്ക്' എന്ന പേരിൽ ക്രിസ്തുമസ് സന്ദേശം എസ്.എ.ബി.എസ്. വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ നൽകുന്നു.
- വി. ഫ്രാൻസിസ് സേവ്യറിന്റെ നാമധാരിയായ ഫാ. സേവ്യർ കൊച്ചുപറമ്പിലിന്റെ നാമഹേതുകതിരുനാൾ ഡിസംബർ 3 ന് പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.
- രൂപതാ സോഷ്യൽമീഡിയ അപ്പസ്തോലേറ്റ് സംഘടിപ്പിക്കുന്ന 'പുൽക്കൂട് 2020' വചനസന്ദേശം നൽകൽ പരിപാടി യിൽ 5 സിസ്റ്റേഴ്സ് സന്ദേശം നൽകി.

- രൂപതാ സോഷ്യൽമീഡിയ അവതരിപ്പിച്ച Divine Symphony യിൽ Santa Beatz Carol Song Competition- ൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- സോഷ്യൽമീഡിയ Divine Symphony Santa Beatz Carol Song Competition- ൽ "Himalayam Chorous" എന്ന പേരിൽ നേപ്പാൾ കരുണാഭവനിൽ അന്തേവാസികളായ കുട്ടികൾ പങ്കെടുത്തു. സി. റോസ്ന ചെമ്മരപ്പള്ളിൽ SABS ഈ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി.
- മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നടത്തിപ്പ് സംബന്ധിച്ച് മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യാളമ്മ സംബന്ധിച്ചു.
- ജനറലേറ്റ് തലത്തിൽ വൊക്കേഷൻ പ്രൊമോഷനുമായി ബന്ധപ്പെട്ട് നടത്തിയ വെബിനാറിൽ കൗൺസിലർ സി. ദീപ്തി പച്ചിലംകാട് സംബന്ധിച്ചു.
- സ്കൂൾ കുട്ടികൾക്കായി SBI സംഘടിപ്പിച്ച painting competition സമ്മാനപ്രഖ്യാപന വെബിനാറിൽ സെന്റ് ജോസഫ്സ് പ്രിൻസിപ്പൽ സി. റോസ്മിൻ, സി. മെർലിൻ എന്നിവർ സംബന്ധിച്ചു.
- മഹാരാഷ്ട്ര ഗോഡ്വാന യൂണിവേഴ്സിറ്റിയിൽ നിന്നും Doctor of Philosophy in Zoology സിസ്റ്റർ മെറിൻ തകടിപ്പുറം നേടി.
- ഈശോയുടെ വരവിനായി ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ 4 കുട്ടികൾക്ക് പഠനസഹായം 50000/- രൂപയും ഒരു കുട്ടിക്ക് വിവാഹസഹായം 15000/- രൂപയും 3 പേർക്ക് ഭവനനിർമ്മാണ സഹായം 2,50,000/- രൂപയും 20 പേർക്ക് ചികിത്സാസഹായം 17000/- രൂപയും നൽകി. Poor Child help ആയി കർണ്ണാടകത്തിൽ പള്ളിക്ക് 25000/- രൂപ നൽകി. കാഞ്ഞിരപ്പള്ളി വി കെയർ സെന്ററിന് 1,61,000/- രൂപ നൽകി.
- കോരുത്തോട് സാരഥി യൂണിറ്റിന് പച്ചക്കറി ബാഗ് വാങ്ങുന്നതിനായി 5000/- രൂപ നൽകി സഹായിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സുപ്പീരിയർ ജനറൽ ബഹു. സി. മേഴ്സി തോമസ്, കൗൺസിലേഴ്സ് സി. റോസിലി ജോൺ, സി. ആനീസ് ജോസഫ് എന്നിവർ ട്രിച്ചി ഭവനം സന്ദർശിച്ചു.
- വേൾഡ് ഡിസബിലിറ്റി ഡേയോടനുബന്ധിച്ചു ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ഓൺലൈൻ കലാപരിപാടികൾ നടത്തി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനം നൽകി .
- മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മീഷൻ ഫോർ വൊക്കേഷൻ, വൊക്കേഷൻ പ്രൊമോട്ടേഴ്സിനു നടത്തിയ സൂം മീറ്റിംഗിൽ സി. ലീമ സെബാസ്റ്റ്യൻ, സി. അൽഫോൻസാ ജോർജ് എന്നിവർ പങ്കെടുത്തു .
- കാഞ്ഞിരപ്പള്ളി രൂപതാ social media apostolate നടത്തിയ ക്രിസ്മസ് വചന സന്ദേശത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു .
- കാഞ്ഞിരപ്പള്ളി രൂപതാ social media apostolate നടത്തിയ കരോൾ ഗാന മത്സരത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു .
- മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിൽ വച്ച് ഗുഡ്നെസ്സ് ടി.വി നടത്തിയ 'സ്നേഹം സഹനം സന്യാസം' എന്ന പ്രോഗ്രാമിൽ സി. ലീമ സെബാസ്റ്റ്യൻ പങ്കെടുത്തു സംസാരിച്ചു .
- കാഞ്ഞിരപ്പളി രൂപത നടത്തിയ കുടുംബ നവീകരണ ധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു .
- കട്ടപ്പന ഫോർത്തുനാത്തൂസ് സാരഥിയുടെ സഹകരണത്തോടെ ഇരട്ടയാർ അൽഫോൻസാ ഭവനിൽ വച്ച് നടത്തിയ ക്രിസ്മസ് ആഘോഷത്തിന് സിസ്റ്റേഴ്സ് നേതൃത്വം നൽകി .
- സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കട്ടപ്പന മുൻസിപ്പാലിറ്റിയിലെ കിടപ്പു രോഗികളെ സന്ദർശിച്ചു. സാരഥി അംഗങ്ങളുടെ സഹകരണത്തോടെ ക്രിസ്മസ് കേക്ക് വിതരണം നടത്തി.
- ക്രിസ്മസ് സമുചിതമായി ആഘോഷിച്ചു .

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- റിന്യൂവൽ അസംബ്ലിയുടെ തീരുമാനമായ ആനിമേഷൻ പ്രോഗ്രാം ഭവനകൂട്ടായ്മാതലത്തിൽ നടത്തി.
- രൂപതയിലെ സോഷ്യൽ മീഡിയ അപ്പസ്റ്റോലേറ്റിന്റെ ഭാഗമായി Online ക്രിസ്മസ് പ്രോഗ്രാമിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പിന്റെ നാമഹേതുക തിരുന്നാൾ സമുചിതമായി ആഘോഷിച്ചു.
- പഴയിടം ജിയന്ന സ്വാശ്രയ സംഘത്തിന്റെ ഒന്നാം വാർഷികം ആഘോഷിക്കുകയും പ്രൊവിൻസ് തലത്തിൽ നടത്തിയ അഗ്രോ ആൽബം മത്സരത്തിൽ 11 രൂപതകളിൽ നിന്നും വിജയിച്ച പ്രസ്തുത ഗ്രൂപ്പിന് 7000 രൂപ ക്യാഷ് അവാർഡും ട്രോഫിയും നൽകുകയും ചെയ്തു.
- ഏദൻ ചെറുകിട മത്സ്യകൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി കൂവപ്പള്ളി ബാലികാഭവൻ, ചെങ്കൽ എന്നിവിടങ്ങളിലായി 3 കുളങ്ങൾ നിർമിച്ചു കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.
- കർഷകസമരത്തിനു ഐക്യദാർഢ്യം പ്രഖ്യാപിച്ചു മുണ്ടക്കയം ബസ് സ്റ്റാൻഡ് കവാടത്തിൽ നടത്തിയ സമരപരിപാടിയിൽ വിമൽ ജ്യോതി സോഷ്യൽ സർവീസ് സൊസൈറ്റിക്ക് വേണ്ടി ശ്രീ. ജോസ്കുട്ടി സംസാരിച്ചു.
- വരുമാനദായക പ്രവർത്തനങ്ങൾ സ്വാശ്രയ ഗ്രൂപ്പുകൾ വഴി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെൽ ഇലക്ട്രോണിക്സുമായി സഹകരിച്ചു എൽ ഇ ഡി ബൾബുകൾ വിൽപനയ്ക്കായി ഗ്രൂപ്പുകളിൽ എത്തിച്ചുനൽകി.
- തിരുഹൃദയ സ്വാശ്രയ സംഘങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പെരുന്തേനരുവിയിൽ ഫോർമേഷൻ പരിപാടി നടത്തി.

# കെ.സി.എസ്.എൽ.

### ക്രിസ്മസ് ചിന്തകൾ

LKG മുതൽ 5-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി, രണ്ടു വിഭാഗങ്ങളിലായി, ഒന്ന് മുതൽ ഒന്നര മിനിറ്റ് വരെ മാത്രം ദൈർഘ്യമുള്ള ക്രിസ്മസ് സന്ദേശമത്സരം നടത്തപ്പെട്ടു. കുട്ടികൾക്ക് മനസ്സിലാവുന്നതും, ലളിത ഭാഷയിലുള്ളതുമായ സന്ദേശത്തോട് ചേർന്നു അവർക്കു പ്രാവർത്തികമാക്കാവുന്ന ഒരു കുഞ്ഞുകാര്യവും ഒപ്പം ക്രിസ്മസിനോട് അനുബന്ധിച്ച ഒരു വചനവും ഇതിൽ ഉൾക്കൊള്ളിച്ചായിരുന്നു മത്സരം.

### ടീച്ചർക്ക് ഒരു ക്രിസ്തുമസ് കാർഡ്

ടീച്ചറിനായി ഒരു ക്രിസ്തുമസ് കാർഡ് തയ്യാറാക്കി പോസ്റ്റ് ചെയ്യുക എന്ന മത്സരത്തിൽ 50 തിലേറെ കുട്ടികൾ പങ്കെടുത്തു. ഭംഗി, ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ, ടീച്ചർക്കുള്ള ക്രിസ്തുമസ് ആശംസ എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു വിലയിരുത്തൽ. ഏറ്റവുമധികം കാർഡുകൾ അയയ്ക്കുന്ന സ്കൂളിന് പ്രത്യേക സമ്മാനമുണ്ട്.

### ഫാമിലി കരോൾഗാനമത്സരം

കെ.സി.എസ്.എൽ കുട്ടികളുടെ കുടുംബത്തിലെ അംഗങ്ങൾക്കായുള്ള കരോൾഗാനമത്സരം നടത്തപ്പെട്ടു. രൂപതാതലത്തിലെ മികച്ച ഒരു എൻട്രി സംസ്ഥാനതലത്തിലേക്ക് നൽകുന്നതായിരിക്കും.

**ക്രിസ്മസ് സന്ദേശം**

6 മുതൽ 12 ക്ലാസ് വരെയുള്ള കുട്ടികൾക്കായി 3 വിഭാഗങ്ങളിലായി 2 മിനിറ്റ് ദൈർഘ്യമുള്ള ക്രിസ്മസ് സന്ദേശപ്രസംഗ മത്സരം നടത്തപ്പെട്ടു. ഉള്ളടക്കവും അവതരണശൈലിയുമാണ് വിധിനിർണയത്തിനുള്ള പ്രധാന മാനദണ്ഡങ്ങൾ. മികച്ച ഒരു എൻട്രി സംസ്ഥാന തലത്തിലേക്ക് നൽകുന്നതായിരിക്കും.

**പുൽക്കൂട് മത്സരം**

1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി രണ്ടു സെക്ഷനിലായി പുൽക്കൂടുമത്സരം നടത്തപ്പെട്ടു. ഭംഗി, മനോഹാരിത, വ്യത്യസ്തത എന്നിവയ്ക്കു പ്രാധാന്യം നൽകി വിലയിരുത്തപ്പെടുന്നതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ക്രിസ്മസ് ഫ്രണ്ടിന് സമ്മാനം നൽകുവാനായി കരുതിയ പണം ഡയാലിസിസ് രോഗികൾക്കായി നൽകി എം.എം.റ്റി. ഹോസ്പിറ്റലിലെ നേഴ്സുമാർ**

മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ നേഴ്സുമാർ ഉണ്ണീശോയുടെ തിരുപ്പിറവിയോടനുബന്ധിച്ച് ക്രിസ്മസ് ഫ്രണ്ടിന് സമ്മാനം നൽകുവാനായി കരുതിയ പണം ഹോസ്പിറ്റലിൽ ഡയാലിസിസ് ചെയ്യുന്ന 43 രോഗികൾക്ക് അവരുടെ എല്ലാവരുടെയും ഒരു ഡയാലിസിസ് ചെയ്യുന്നതിനായി സംഭാവനയായി നൽകിയിരിക്കുന്നു. അവരുടെ വലിയ മനസ്സുകൾക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് നന്ദി അറിയിക്കുന്നു.

**ഡയാലിസിസ് മെഷീന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു.**

മുണ്ടക്കയം വ്യാകുലമാതാ ഇടവക എം.എം.റ്റി. ഹോസ്പിറ്റലിനു നൽകിയ ഡയാലിസിസ് മെഷീന്റെ സ്വിച്ച് ഓൺ കർമ്മവും വെഞ്ചരിപ്പും വികാരി ഫാ. ജോസ് മാത്യു പറപ്പള്ളിൽ നിർവ്വഹിച്ചു. അസി. വികാരി ഫാ. ഉല്ലാസ് ചക്കുംമൂട്ടിൽ, ഇടവക ട്രസ്റ്റി, കൈക്കാരന്മാർ എന്നിവർ സന്നിഹിതരായിരുന്നു. ഈ കോവിഡ് കാലത്ത് ഇടവക ജനങ്ങളുടെ ത്യാഗത്തിന്റെയും ഉദാരമനസ്സിന്റെയും ഫലമായാണ് ഡയാലിസിസ് മെഷിൻ ഹോസ്പിറ്റലിന് നൽകാൻ കഴിഞ്ഞത് എന്നും ഇത് കിഡ്നി രോഗികൾക്ക് ഉപകാരപ്രദമാകട്ടെ എന്നും ഫാ. ജോസ് മാത്യു പറപ്പള്ളിൽ ആശംസിച്ചു. ഇതോടുകൂടി ഹോസ്പിറ്റലിൽ 8 ഡയാലിസിസ് മെഷിനുകൾ വൃക്കരോഗികൾക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**ഡിസംബർ മാസത്തിൽ 400 ഡയാലിസിസുകൾ**

ഡിസംബർ മാസത്തിൽ 40 രോഗികൾക്കായി 400 ഡയാലിസി

സുകൾ നടത്തപ്പെട്ടു. നിർദ്ധനരായ രോഗികൾക്ക് സൗജന്യമായും കുറഞ്ഞ ചിലവിലും നൽകാൻ കഴിയുന്നത് അഭ്യുദയകാംക്ഷികളുടെ ഉദാരമനസ്സുകൊണ്ടാണ്. ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**100 ഡയാലിസിസ് കിറ്റുകൾ സമ്മാനിച്ച് വൈസ്മെൻ ക്ലബ്**

നിർദ്ധനരായ വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുവാനായി 100 ഡയാലിസർ മുണ്ടക്കയം, 35th മൈൽ, വൈസ്മെൻ ക്ലബ്, എം.എം.റ്റി.ക്ക് നൽകി.

**സൗജന്യ കൺസൾട്ടേഷൻ**

ഈശോയുടെ പിറവിത്തിരുനാളിനൊരുക്കമായി ശിശുരോഗവിഭാഗത്തിൽ ഡിസംബർ 1 മുതൽ 25 വരെ ഡോക്ടർ കൺസൾട്ടേഷൻ ഫീസും രജിസ്ട്രേഷനും സൗജന്യമായി നൽകി. ശിശുരോഗ വിഭാഗത്തിൽ ഡോ. നെൽസൺ എ.ജെ., ഡോ. ഡിറ്റിൻ ജോസഫ് എന്നിവരുടെ സേവനം ലഭ്യമാണ്. 500 ഓളം കുഞ്ഞുങ്ങളും മാതാപിതാക്കളും ഈ സേവനം പ്രയോജനപ്പെടുത്തി.

**സി.റ്റി. സ്കാൻ ജനുവരിയിൽ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ നൂതന സൗകര്യങ്ങളോടുകൂടി സിമൻസിന്റെ 32 സ്ലൈഡിന്റെ സി.റ്റി. സ്കാൻ ജനുവരി അവസാനത്തോടെ പ്രവർത്തനം ആരംഭിക്കും.

**നവീകരിച്ച ഐ.സി.യു. യൂണിറ്റിന്റെ പ്രവർത്തനം ജനുവരി രണ്ടാം വാരം ആരംഭിക്കും.**

അത്യാധുനിക സൗകര്യങ്ങളോടുകൂടി രണ്ട് ബ്ലോക്കുകളിലായി നവീകരിച്ച ഐ.സി.യു. യൂണിറ്റിന്റെ പ്രവർത്തനം ജനുവരി രണ്ടാം വാരം മുതൽ ആരംഭിക്കും. കൂടുതൽ വെന്റിലേറ്ററുകൾ, മോണിറ്ററുകൾ മറ്റ് അത്യാധുനിക സൗകര്യങ്ങൾ ഇവ നവീകരിച്ച ഐ.സി.യു.വിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മികവേറും.

**അഡ്മിഷൻ അവസാനിച്ചിരിക്കുന്നു.**

സ്കൂൾ ഓഫ് നേഴ്സിംഗ് എം.എം.റ്റി. ഹോസ്പിറ്റലിൽ 2020-21 വർഷത്തേക്കുള്ള ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്വൈഫറി

കോഴ്സിലേക്കുള്ള അഡ്മിഷൻ അവസാനിച്ചിരിക്കുന്നു. കുട്ടികൾക്കായുള്ള ഓൺലൈൻ ക്ലാസുകളും മറ്റും നടന്നുവരുന്നു. 30 വിദ്യാർത്ഥികളാണ് പുതിയ ബാച്ചിലുള്ളത്.

**റേഡിയോളജി വിഭാഗത്തിൽ ഡോക്ടറുടെ സേവനം കൂടുതൽ സമയം ലഭ്യമായി**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ നൂതന റേഡിയോളജി വിഭാഗത്തിൽ ഡോ. കൃഷ്ണ DMRD യുടെ സേവനം എല്ലാ ദിവസവും രാവിലെ 9.30 മുതൽ 4 വരെ ലഭ്യമായിരിക്കും. എല്ലാ വിധ അൾട്രാസൗണ്ട് സ്കാനിംഗ്, ഡോപ്പളർ സ്കാനിംഗ് തുടങ്ങിയുള്ള ഇന്റർവെൻഷണൽ സ്കാനിംഗുകൾ ഹോസ്പിറ്റലിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 9446462400, 9446462500.

**കോവിഡ് സുരക്ഷ മാനദണ്ഡം ശക്തമാക്കി**

ഹോസ്പിറ്റലിൽ എത്തുന്ന ഓരോ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സ്റ്റാഫിന്റെയും സുരക്ഷയെ കരുതി കോവിഡ് സുരക്ഷ ഹോസ്പിറ്റലിൽ ശക്തമാക്കി. അഡ്മിറ്റാകുന്ന രോഗിയോടൊപ്പം കൂട്ടിരിപ്പിന് ഒരാളെ മാത്രമേ അനുവദിക്കുകയുള്ളു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോവിഡ് പരിശോധനാസൗകര്യവും ഹോസ്പിറ്റലിൽ ലഭ്യമാണ്.

**ക്യാഷ്ലെസ്സ് ഇൻഷുറൻസ് സേവനങ്ങൾ**

പുതിയതായി MD India, FHPL, HITPA എന്നീ ഇൻഷുറൻസ് കമ്പനികളുടെ ക്യാഷ്ലെസ് സേവനങ്ങൾ ഹോസ്പിറ്റലിൽ ആരംഭിച്ചു. ഇവ കൂടാതെ സ്റ്റാർ ഹെൽത്ത്, മാക്സ്ബുപ, റെലിഗയർ, ഫ്യൂച്ചൽ ജനറാലി എന്നീ ഹെൽത്ത് ഇൻഷുറൻസ് കമ്പനികളുടെയും ക്യാഷ്ലെസ്സ് സേവനങ്ങൾ ഹോസ്പിറ്റലിൽ ലഭ്യമാണ്. മറ്റ് ഇൻഷുറൻസ് കമ്പനികളുടെ റിഇമ്പേഴ്സ്മെന്റ് സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9188526399.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപതാ ഡയറക്ടർമാരുടെ മീറ്റിംഗ് Zoom - ൽ ഡിസംബർ 4–ാം തീയതി 7 മണിക്ക് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു.
- കാഞ്ഞിരപ്പള്ളി രൂപതാ ഡി.സി.എം.എസ്. കുടുംബത്തിൽനിന്നും ഈ കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 5 പേർ മത്സരിച്ചു. അതിൽ 2 പേർ വിജയിച്ചു.
- T.S.D.T.P. Training Programme ആരംഭിച്ചു. രൂപതയിൽനിന്നും 12 കുട്ടികൾ പങ്കെടുത്തു. ഒപ്പം പാലായിലുള്ള Civil Service Institute –ൽ ഈ വർഷം നമ്മുടെ രൂപത ഡി.സി.എം.എസ്. ൽ നിന്നും ഒരു കുട്ടി പരിശീലനത്തിൽ പങ്കെടുക്കുന്നു.
- ഈ വർഷം രൂപതാ ഡി.സി.എം.എസ്. കുടുംബാംഗങ്ങൾക്കായി നല്ല പച്ചക്കറിത്തോട്ടത്തിനും നല്ല കർഷകർക്കും ഉള്ള സമ്മാനം നൽകുന്നു.
- K.C.B.C., SC, ST/ BC കമ്മീഷന്റെ നിർദ്ദേശാനുസരണം കാഞ്ഞിരപ്പള്ളി രൂപതയിൽ ഡി.സി.എം.എസ്. കുടുംബങ്ങൾക്കുവേണ്ടി പണിയുന്ന 10 ഭവനങ്ങളിൽ 7 എണ്ണത്തിന്റെ പണി പൂർത്തിയായി വെഞ്ചരിപ്പ് കഴിഞ്ഞു. ബാക്കി 2 എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.
- K.C.B.C., SC, ST/ BC കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന സിംഫണി ആർട്സ് എന്ന പ്രോഗ്രാം തിരുവനന്തപുരത്ത് കർദ്ദിനാൾ മാർ ക്ലിമീസ് ബാവ ഉദ്ഘാടനം ചെയ്തു. പരിശീലനപരിപാടിയിൽ നമ്മുടെ രൂപതയിൽ നിന്നും 5 കുട്ടികൾ പങ്കെടുത്തു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപതയിലെ ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങൾ ക്രിസ്തുമസിന് ഒരുക്കമായി സാധിക്കുന്നത്രയും അംഗങ്ങൾ ഇടവക ദൈവാലയങ്ങളിൽ ദിവ്യബലിയിൽ പങ്കെടുക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു.

രൂപതയിലെ എല്ലാ ഭാതൃത്വങ്ങളിലേയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു യോഗം കോവിഡ് നിയമങ്ങൾക്ക് വിധേയമായി 2020 ഡിസംബർ 31 – ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ചോറ്റി നിർമ്മലാരാം ആശ്രമത്തിൽ കൂടി. യോഗത്തിന് രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. ക്രിസ്തുമസിന്റെ മംഗളങ്ങളും പുതുവത്സരആശംസകളും നേർന്നുകൊണ്ട് രൂപതാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന OFM (Conv.) സംസാരിച്ചു.

രണ്ട് മാസത്തിൽ ഒരിക്കൽകൂടിയിരുന്ന രൂപതാപ്രതിനിധി യോഗം 2021 ഫെബ്രുവരി രണ്ടാം ശനിയാഴ്ച മുതൽ കൂടുവാനും ഭാതൃത്വങ്ങളിൽ കൂടിയിരുന്നതും മുടങ്ങിക്കിടന്നിരുന്നതുമായ പ്രതിമാസ യോഗങ്ങളും പ്രാർത്ഥനകളും 2021 ജനുവരി മാസം മുതൽ കോവിഡ് നിയമങ്ങൾക്ക് വിധേയമായി കൂടുവാനും തീരുമാനിച്ചു.

മുൻ രൂപതാഡയറക്ടറായിരുന്ന കുഞ്ചെറക്കാട്ട് അച്ചന്റെ 15–ാം ചരമവാർഷികം 2020 ഡിസംബർ 31 – ന് ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ചോറ്റി നിർമ്മലാരാം ആശ്രമദൈവാലയത്തിൽ വിശുദ്ധകുർബാനയോടും പ്രത്യേക പ്രാർത്ഥനയോടും കൂടി ആചരിച്ചു. തിരുക്കർമ്മങ്ങൾക്ക് രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് ചൂരമന പ്രധാന കാർമ്മികത്വം വഹിക്കുകയും എല്ലാ ഭാതൃത്വത്തിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ സിസി മീറ്റിംഗ് 2020 ഡിസംബർ 6 ഞായറാഴ്ച രാവിലെ കൃത്യം 11 മണിക്കുതന്നെ ആരംഭിച്ചു. ഓൺ ലൈൻ വഴി നടന്ന മീറ്റിംഗിൽ സിസി അംഗങ്ങൾ എല്ലാവരും തന്നെ സജീവമായി പങ്കെടുത്തു. അടുത്ത സിസി മീറ്റിംഗ് ജനുവരി അവസാന ആഴ്ചയിലോ, ഫെബ്രുവരി ആദ്യമോ ഓസാനാം വിദ്യാഭവനിൽ കൂടുന്നതും, അന്നത്തെ മീറ്റിംഗ് വാർഷിക സമ്മേളനമായി കണക്കാക്കി 2019-20 ലെ 43-ാമത് വാർഷിക റിപ്പോർട്ടും അവതരിപ്പിക്കുന്നതുമായിരിക്കും.

കോവിഡ് ഏകദേശമൊക്കെ നിയന്ത്രണ വിധേയമാവുകയും പല രംഗത്തും നിയന്ത്രണങ്ങൾക്ക് അയവു വരുത്തുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നാമും നിയന്ത്രണങ്ങൾക്കു വിധേയമായി ബഹുമാനപ്പെട്ട വികാരി അച്ചന്മാരുമായി ചർച്ച ചെയ്ത് കോൺഫ്രൻസുകൾ കൂടേണ്ടതും രണ്ടോ മൂന്നോ പേർ മാത്രം ചേർന്ന് ഭവന സന്ദർശനങ്ങൾ നടത്തേണ്ടതുമാണ്. അതുപോലെ എല്ലാ ഏസികളും ഡിസംബർ മാസം മുതൽ എസി കൗൺസിലുകൾ നിർബ്ബന്ധമായും വിളിച്ചു ചേർക്കേണ്ടതും കോൺഫ്രൻസുകളിൽ എത്തിക്കാനായി ഏൽപ്പിച്ചിരിക്കുന്ന 2021-ലെ ഡയറിയും ഓസാനാം ബുള്ളറ്റിനുകളും, റീച്ച് ഔട്ടും കൊടുത്തു വിടേണ്ടതുമാണ്. കൂടാതെ കോൺഫ്രൻസുകളിൽ നിന്നും വീതാംശം ശേഖരിച്ച് സിസിയിൽ എത്തിക്കേണ്ടതുമാണ്.

കോവിഡിന് ശേഷം നടന്ന ആദ്യ എസി കൗൺസിൽ യോഗം 2020 ഡിസംബർ 20 ഞായറാഴ്ച കാഞ്ഞിരപ്പള്ളി എസിയുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് എസി പ്രസിഡന്റ് ബ്ര.ജോർജ്ജ് ജോസഫ് കൂടപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഇനി മുതൽ കോൺഫ്രൻസുകൾ സാവധാനം പ്രവർത്തന സജ്ജ മാക്കി കൊണ്ടുവരണമെന്ന് പ്രസിഡന്റ് ആഹ്വാനം ചെയ്തു. ഈ കാലയളവിൽ ലഭിച്ചിട്ടുള്ള വിദേശസഹായം എത്രയും പെട്ടെന്ന് കോൺഫ്രൻസുകൾ വിതരണം ചെയ്യണമെന്ന് പ്രസിഡന്റ് അഭ്യർത്ഥിച്ചു. ഫെബ്രുവരി മുതലുള്ള റിപ്പോർട്ടും കണക്കുകളും യോഗത്തിൽ വായിച്ചു പാസാക്കി. കോൺഫ്രൻസുകളിൽ നിന്ന് പ്രസി ഡന്റുമാർ പങ്കെടുക്കുകയും പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. കോൺഫ്രൻസുകൾ എല്ലാം തന്നെ കോവിഡ് കാലയള വിൽ ദത്തുകുടുംബ സഹായം നൽകുകയും മറ്റ് അർഹരായവരെ സഹായിക്കുകയും ചെയ്ത കാര്യം പറയുകയുണ്ടായി. കഴിഞ്ഞ മാസ ങ്ങളിലെ ഓസാനം ബുള്ളറ്റിനുകളും റീച്ച് ഔട്ടുകളും 2021 ലെ ഡയ റിയും കോൺഫ്രൻസുകളെ ഏൽപ്പിക്കുയുണ്ടായി. സിസിയെ പ്രതി നിധീകരിച്ച് ട്രഷറാർമാരായ ബ്ര. എം.ജെ. ഡോമിനിക്കും ജെയിക്കുട്ടി പോളും പങ്കെടുക്കുകയുണ്ടായി. യോഗത്തിൽ 10 അംഗങ്ങൾ പങ്കെ ടുത്തു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

## Directed De-Adiction Retreat Programme

കോവിഡ് 19 - അതീവ ജാഗ്രത പുലർത്തേണ്ട ഈ പശ്ചാത്തലത്തിൽ തമ്പലക്കാട് ധ്യാനകേന്ദ്രത്തിൽ താഴെപ്പറയുന്ന രീതിയിലാണ് ധ്യാനം നടത്തുന്നത്.

ആഴ്ചയിൽ 2 ധ്യാനം

1) ഞായർ വൈകുന്നേരം മുതൽ ബുധൻ രാവിലെ വരെ.
2) വ്യാഴം വൈകുന്നേരം മുതൽ ഞായർ രാവിലെ വരെ.

ഓരോ ധ്യാനത്തിനും 5 ദമ്പതികൾക്കുവീതം പങ്കെടുക്കാം. ഇതിനോടകം 78 കുടുംബങ്ങൾ ധ്യാനത്തിൽ പങ്കെടുത്ത് മദ്യവിമുക്തകുടുംബങ്ങളായി രൂപാന്തരപ്പെട്ടു. Follow up പ്രോഗ്രാമും ക്രമീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുകളിൽ പറഞ്ഞ ധ്യാനങ്ങളിൽ പങ്കെടുക്കുന്നതിന് മദ്യത്തിനടിമപ്പെട്ടവരെ പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക.

9447302389, 9447870249

**ജീസസ് ഫ്രട്ടേണിറ്റി**

ജയിൽ സന്ദർശനം അസാധ്യമായ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കോട്ടയം ജില്ലാ ജയിലിൽ വളരെ വിപുലമായ രീതിയിൽ പച്ചക്കറികൃഷി തുടങ്ങുന്നതിന്റെ ഭാഗമായി 500 ലധികം ഗ്രോബാഗ്, വിവിധയിനം പച്ചക്കറി തൈകൾ അനുബന്ധസാമഗ്രികൾ എന്നിവ 30000 ത്തോളം രൂപ മുടക്കി വാങ്ങി കാഞ്ഞിരപ്പള്ളി രൂപതാ മദ്യവിരുദ്ധസമിതി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പെരുനിലം ജയിലധികൃതർക്ക് കൈമാറി.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**Saints Web Series**

വിമലയുടെ ജൈത്രയാത്രയിൽ മറ്റൊരു പൊൻതൂവൽകൂടി! വിശുദ്ധരുടെ ധന്യചരിതമാല യൂട്യൂബിൽ ജീവൻ തുടിക്കുന്ന ദൃശ്യാവിഷ്കാര രൂപത്തിൽ...കുട്ടികൾക്കും മുതിർന്നവർക്കും.. വിശുദ്ധ മാതൃകകൾ കണ്ടും കേട്ടും പുണ്യജീവിതം ഹൃദയത്തിൽ സംഗ്രഹിക്കത്തക്കവിധം ജീവനുള്ള ആവിഷ്കാരം...

ഡിജിറ്റൽ യുഗത്തിൽ കുട്ടികളിൽ നന്മ വിതയ്ക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വഴികാട്ടാൻ വിശുദ്ധരുടെ കഥകൾ വെബ്സീരിസ് പരമ്പരയായി. വി.മദർതെരേസയും, വി. അൽഫോൻസാമ്മയും വെർചൽ പ്ലാറ്റ്ഫോമിൽ... യൂട്യൂബിൽ വിമലപബ്ലിക്കേഷൻ ചാനൽ സന്ദർശിക്കുക. വി.മറിയം ത്രേസ്യാ, വി.യൗസേപ്പ്, വി.എവുപ്രാസിയാമ്മ, വി.ചാവറയച്ചൻ, വി.മരിയ ഗൊരേത്തി, വി. ഫ്രാൻസിസ് അസീസി, വി.അന്തോനീസ് തുടങ്ങി ആദ്യ പത്തെണ്ണം അണിയറയിൽ.... ഏവർക്കും പ്രചോദനമേകുന്ന ദൃശ്യവിരുന്ന് കാണുക... പ്രോത്സാഹിപ്പിക്കുക... പ്രചരിപ്പിക്കുക.

**പുത്തൻപുസ്തകം**

1. **മഞ്ഞുപോലെ : ഫാ. ഷാജി പുതുപ്പറമ്പിൽ**
   പേജ്: 124/ വില: 120/ പതിപ്പ്:1

ചെറുകഥയിലൂടെ, അനുഭവങ്ങളിലൂടെ, ലളിതസുന്ദരപദവിന്യാസത്തിലൂടെ, അർത്ഥവത്തായ ചിത്രകലാവിഷ്കാരത്തിലൂടെ രൂപം കൊണ്ട വചനാധിഷ്ഠിതമായ വിചിന്തനസമാഹാരം. ആരവങ്ങൾക്കും ആർപ്പുവിളികൾക്കുമിടയിൽ വിസ്മരിക്കപ്പെടുന്ന ക്രിസ്തുസ്നേഹത്തിന്റെ നിറക്കൂട്ടുകളിലേക്ക് വായനക്കാരനെ നയിക്കുന്ന ഈടുറ്റ പ്രബോധനശേഖരം. കുട്ടികൾക്കും മുതിർന്നവർക്കും സന്യ

സ്തർക്കും ധ്യാനത്തിനും പഠനത്തിനും പ്രബോധനത്തിനും ഒപ്പം സമ്മാനമേകാനും ഉപകരിക്കുന്ന ഉത്തമകൃതി.

**2. സൈബർ വിശുദ്ധൻ : സി. ടെസി മരിയ എഫ്.സി.സി**

ദിവ്യകാരുണ്യത്തിന്റെ സൈബർഅപ്പസ്തോലനും മിഷണറി യുമായിരുന്ന പതിനഞ്ചുകാരൻ. ടീഷർട്ടും, ജീൻസും, സൺഗ്ലാസ്സും ധരിച്ച്, പന്തുകളിയും വീഡിയോഗെയിമും, കോമിക്കും ഇഷ്ടവിനോദമാക്കിയ ചുള്ളൻ - കുമ്പസാരം സ്വർഗത്തിലേയ്ക്കുള്ള ഒറ്റമൂലിയാക്കി അനുദിനം ദിവ്യബലിക്കണഞ്ഞ ഈശോയുടെ ചങ്ക്ബ്രോ-മണിക്കൂറുകൾ കംപ്യൂട്ടറിനോടൊപ്പമെങ്കിൽ മണിക്കൂറുകൾ ജപമാലയ്ക്കും വിനിയോഗിച്ച ന്യൂജെൻകിഡ്. ആഘോഷങ്ങളെ ദൈവികസംവിധാനങ്ങളുടെ സംപ്രേഷകനാക്കി ടെക്നോളജി യുഗത്തിൽ കൗമാര യൗവ്വനക്കാർക്ക് ന്യൂജെൻമാതൃക കാട്ടിയ വിശുദ്ധന്റെ ജീവചരിത്രഗ്രന്ഥം! യുവതയ്ക്കു വഴികാട്ടാൻ, സമ്മാനമേകാൻ ഉത്തമം.

## പണിപ്പുരയിൽ

**1. ചാഞ്ഞുപെയ്യുന്ന ഓർമ്മകൾ : ഫിലു ബെന്നി**

ചുറ്റുപാടുകളിൽനിന്നും ജീവിതാനുഭവങ്ങളിൽനിന്നും കണ്ടെത്തിയ നന്മയുടെ തിരുത്തലുകളുടെ നൊസ്റ്റാൾജിക് പ്രതിഫലനങ്ങൾ, ലളിതസുന്ദരശൈലിയിൽ അക്ഷരമുത്തുകളാക്കി അണിയിച്ചൊരുക്കിയിരിക്കുന്ന സുന്ദരകൃതി.

**2. നസ്രത്തിലെ നീതിമാൻ**

ദൈവീകപദ്ധതികൾക്ക് ആമ്മേൻ പറഞ്ഞ്, തിരുക്കുടുംബത്തിന്റെ കാവൽക്കാരനും, ദൈവപുത്രന്റെ വളർത്തുപിതാവും, നീതിമാനും മൗനവ്രതക്കാരനും സഭയുടെയും കുടുംബത്തിന്റെയും സംരക്ഷകനുമായ മാർ യൗസേപ്പ് പിതാവിന്റെ ലഘു ജീവചരിത്രം.

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

നവംബർ മാസത്തിൽ 21 കേസുകൾ റിപ്പോർട്ട് ചെയ്തു. 20 കേസുകൾ CWC (ചൈൽഡ് വെൽഫയർ കമ്മിറ്റി)യിൽ റിപ്പോർട്ട് ചെയ്തു. കേസുകൾക്ക് CWC ആവശ്യമായ നടപടികൾ സ്വീകരിച്ചു. 1 കുട്ടിക്ക് കൗൺസിലിംഗ് നല്കി. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ കേസുകളുടെ follow-up കൾ നടത്തി.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 4 കുട്ടികൾക്ക് ഭക്ഷ്യകിറ്റും പലവ്യഞ്ജനവും വാങ്ങി വീടുകളിൽ എത്തിച്ചുകൊടുത്തു. 3 കുട്ടികൾക്ക് മെഡിക്കൽ help - ഉം കൊടുത്തു.

**അവേർനസ് പ്രോഗ്രാം**

എരുമേലി പഞ്ചായത്തിൽ ICDS സൂപ്പർവൈസർ ഷീലാ മാഡത്തിന്റെ സഹായത്തോടെ അംഗൻവാടി ടീച്ചേഴ്സിനായി ഒരു ഓൺലൈൻ ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു. 45 ടീച്ചേഴ്സ് പരിപാടിയിൽ പങ്കെടുത്തു. POCSO - (ലൈംഗീക അതിക്രമത്തിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012) ഈ നിയമത്തെപ്പറ്റിയാണ് ക്ലാസ് എടുത്തത്. ചൈൽഡ് വെൽഫെയർ കമ്മറ്റി മുൻ മെമ്പർ ശ്രീമതി അഡ്വ. രാജി പി. ജോയിയാണ് ക്ലാസ് നയിച്ചത്. ചൈൽഡ്ലൈൻ വിഷയാവതരണം കോ-ഓർഡിനേറ്റർ നടത്തുകയുണ്ടായി.

**Open House**

എരുമേലി പഞ്ചായത്തിൽ എലിവാലിക്കര പ്രദേശത്തുവച്ച് കുട്ടികളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയാനുള്ള ഒരുവേദി എന്ന നിലയിലുള്ള ഒരു പ്രോഗ്രാം ഈ മാസം അവസാനം നടക്കും.

**ആശാനിലയം സ്പെഷ്യൽ സ്കൂൾ**

**പേപ്പർബാഗ് നിർമ്മാണ പരിശീലനം**

ചെങ്കൽ ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ വച്ച് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ നടത്തുന്ന കേരളത്തിലെ വിവിധ സ്ഥാപനങ്ങൾക്കുള്ള ട്രെയിനിംഗ് 5 ദിവസങ്ങളിലായി നടത്തി. മഹാരാഷ്ട്രയിലുള്ള Hanje - പേപ്പർബാഗ് നിർമ്മാണ യൂണിറ്റിന്റെ ട്രെയിനിംഗ് സെന്ററായി ഈ സെന്റർ തെരഞ്ഞെടുത്തു. ആശ്വാസ് വൊക്കേഷണൽ സെന്ററിന്റെ ആദ്യത്തെ ബാച്ചിന്റെ ട്രെയിനിംഗ് ആണ് പൂർത്തിയായത്. 11 പേർ ട്രെയിനിംഗിൽ പങ്കെടുത്തു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**കോവിഡ് – 19 പ്രതിരോധപ്രവർത്തനങ്ങൾക്ക് സഹായം**

കോവിഡ് – 19 പ്രതിരോധപ്രവർത്തനങ്ങൾക്കായി സൊസൈറ്റി 2,07,960/- രൂപ ചിലവഴിച്ചു.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 1,70,442/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 3,30,000/- രൂപ ചിലവഴിച്ചു.

**ഡെയർ പീരുമേട്**

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ രോഗികളുടെ ചികിത്സയ്ക്കായി പീരുമേട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡെയറിന് സഹായമായി 1,00,000/- രൂപ നൽകി

**പെനുവേൽ ഇമ്മാനുവേൽ ചാരിറ്റബിൾ ട്രസ്റ്റിന് സഹായം**

പെനുവേൽ ഇമ്മാനുവേൽ ചാരിറ്റബിൾ ട്രസ്റ്റിന് ധനസഹായമായി 15,00,000/- രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

പൊടിമറ്റം, വഞ്ചിമല, പാലപ്ര, ഇടക്കുന്നം, കപ്പാട്, വെളിച്ചിയാനി, മുറിഞ്ഞപുഴ, പാറത്തോട് എന്നീ സ്ഥലങ്ങളിലുള്ള നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 10,15,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 1,08,987/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യപദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരിക്കുന്ന എം.ഡി.എസ്. 'കരുതൽ' ജീവകാരുണ്യപദ്ധതി ഇപ്പോൾ 116 ഇടവകകളിൽ രൂപീകൃതമായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 1,75,000/- രൂപ ചിലവഴിച്ചു.

**ദേശീയ ക്ഷീരദിനാചരണം**

ദേശീയ ക്ഷീരദിനത്തിനോടനുബന്ധിച്ച് മലനാട് ക്ഷീരകർഷകർക്കായി വിഭാവനം ചെയ്ത കോവിഡ്-19 അതിജീവന പദ്ധതി ഉദ്ഘാടനം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ നിർവ്വഹിച്ചു.

**ക്ഷീരകർഷകർക്കായി കോവിഡ്-19 അതിജീവന പദ്ധതി**

**1. സൗജന്യ കാലിത്തീറ്റ വിതരണം**

2020 ജൂൺ മുതൽ സെപ്റ്റംബർ വരെ മലനാട് കാലിത്തീറ്റ വാങ്ങിയ എല്ലാ ക്ഷീരകർഷകർക്കും 100 കിലോ കാലിത്തീറ്റ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമായി.

**2. ക്ഷീരകർഷകർക്ക് ഇൻസെന്റീവ്**

മലനാട് സൊസൈറ്റിയിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് കോവിഡ് അതിജീവനപദ്ധതിയുടെ ഭാഗമായി ഇൻസെന്റീവ് നൽകി.

2020 ഏപ്രിൽ, മെയ് മാസങ്ങളിൽ അളന്ന ഓരോ കിലോ പാലിനും ഒരു രൂപാ നിരക്കിലും ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ അളന്ന ഓരോ കിലോ പാലിനും 50 പൈസ നിരക്കിലും ഇൻസെന്റീവ് നൽകി.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷ കരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധ തിക്കായി 4,47,059/- രൂപ ഈ മാസം ചെലവഴിച്ചു.

**ഇൻഫാം**

**കർഷകസമരത്തിന് പിന്തുണ അറിയിച്ച് ഇൻഫാം**

കർഷക വിരുദ്ധ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാ വശ്യപ്പെട്ട് സമരം നടത്തുന്ന ഉത്തരേന്ത്യയിലെ കർഷകരോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ സമിതി പ്രമേയം പാസ്സാക്കി. യോഗത്തിൽ കാർഷികജില്ലാ സമിതി അംഗം ജോസ് താഴത്തുപീടികയിൽ പ്രമേയം അവതരിപ്പി ച്ചു. ഇൻഫാം കാർഷിക ജില്ലാ ജോയിന്റ് ഡയറക്ടർ ഫാ. ജിൻസ് കിഴക്കേൽ, താലൂക്ക് ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ പെരു നിലം, ഫാ. വർഗീസ് കുളമ്പള്ളിൽ, ഫാ. തോമസ് ഞള്ളിയിൽ, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. തോമസ് മുണ്ടിയാനി, ഫാ. മാത്യു നിരപ്പേൽ, ഫാ. ദേവസ്യാ തൂമ്പുങ്കൽ, ഫാ. വർഗ്ഗീസ് കാക്കല്ലിൽ, ഫാ. റോയി നെടുംതകിടിയേൽ, ഫാ. ജോർജ് അനന്തക്കാട്ട്, ജോയിന്റ് സെക്രട്ടറി ഷാബോച്ചൻ മുളങ്ങാശ്ശേരി, ജില്ലാ ട്രഷറർ ജെയ്സൺ ചെമ്പ്ളായിൽ, സബ്ജറ്റ് എക്സ്പേർട്ട് നെൽവിൻ സി. ജോയി, എക്സിക്യൂട്ടീവ് അംഗങ്ങളായ സിജോ തട്ടാംപറമ്പിൽ, ജോയി കട്ട ക്കയം തുടങ്ങിയവർ പ്രസംഗിച്ചു.

**പ്രധാനമന്ത്രിക്ക് ഒരു ലക്ഷം പേർ ഒപ്പിട്ട ഭീമഹർജി**

ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ സമിതി കർഷകർ ഒപ്പിട്ട ഭീമഹർജി തയ്യാറാക്കി. ഭീമഹർജി പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും കൈമാറുമെന്നും കർഷകരുടെ ബുദ്ധിമുട്ടുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളെ അറിയിക്കുമെന്നും കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പറഞ്ഞു. ഇൻഫാം കാർഷിക ജില്ലാ പ്രസിഡന്റ് അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ, ഇൻഫാം ജോയിന്റ് ഡയറക്ടർ ഫാ. ജിൻസ് കിഴക്കേൽ, താലൂക്ക് ഡയറക്ടർമാരായ ഫാ. ജെയിംസ് വെൺമാന്തറ, ഫാ. റോബിൻ പട്രക്കാലായിൽ, ഫാ. ജോർജ് അനന്തക്കാട്ട്, വൈസ് പ്രസിഡന്റ് ബെന്നി വരിക്കമാക്കൽ, ജോസ് പി. മാത്യു, ഷാബോച്ചൻ മുളങ്ങാശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

**എക്സ്പോർട്ട് :** നവംബർ ഡിസംബർ മാസങ്ങളിലായി, യു.കെ, ഫ്രാൻസ് എന്നിവിടങ്ങളിലേക്ക് ഒരു consignment ഉം, യു എസ് എ, ജർമ്മനി എന്നിവിടങ്ങളിലേക്ക് 2 consignment ഉം നടന്നു. കൺട്രോൾ യൂണിയൻ സർട്ടിഫിക്കേഷൻ പ്രകാരം വാർഷിക ഓഡിറ്റിന് ആയുള്ള ഓർഗാനിക് സർട്ടിഫിക്കേഷൻ പൂർത്തിയായി .

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തുന്ന റീജണൽ മീറ്റിങ്ങുകൾ ക്രിസ്തുമസ് ആഘോഷത്തോടൊപ്പം അതാത് റീജണൽ ഓഫീസുകളിൽ വച്ച് നടത്തുകയുണ്ടായി.

എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത്പുരയിടം, ജോയിൻ ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ, പ്രോഗ്രാം ഡയറക്ടർ ഡോക്ടർ സിബി ജോസഫ് എന്നിവർ മീറ്റിംഗുകളിൽ സന്നിഹിതരായിരുന്നു. ചീഫ് കോർഡിനേറ്റർ, റീജിയണൽ കോർഡിനേറ്റേഴ്സ് എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. യൂണിറ്റ് ആനിമേറ്റർമാർ മീറ്റിങ്ങിൽ സംബന്ധിക്കുകയും റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്തു.

**Eshakti പദ്ധതി**

എസ്.എച്ച്.ജി. കളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന Eshakti

പദ്ധതിയുടെ ഭാഗമായി, നവംബർ മാസത്തിലെ കണക്കുകൾ ഈ ശക്തി പോർട്ടലിൽ എന്റർ ചെയ്തു.

Eshakti കോട്ടയം ജില്ലാ ഓൺലൈൻ റിവ്യൂ മീറ്റിങ്ങിൽ പി.ഡി. എസ്സിൽ നിന്നും ചീഫ് കോ ഓർഡിനേറ്റർ ശ്രീ. സാജു ജോസഫ്, റീജിയണൽ കോഡിനേറ്റർ ശ്രീമതി ആനിയമ്മ അലക്സ് എന്നിവർ പങ്കെടുത്തു.

**ആദിവാസി വികസന പദ്ധതി**

ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ക്കൊണ്ട് ആരംഭിച്ച വനജ്യോതിസ് എന്ന പദ്ധതിയുടെ ഭാഗമായി ചെന്നിനായ്ക്കുംകുടിയിലെ 30 കുടുംബങ്ങളെ ഉൾപ്പെടുത്തി പുതിയൊരു കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ നടന്നുവരുന്നു.

**ടിഷ്യുകൾച്ചർ വാഴ, വാനില വിതരണം**

പി.ഡി.എസ്. ന്റെ കൃഷി വികസന വിഭാഗമായ കൂവപ്പള്ളി ടിഷ്യുകൾച്ചർ ലാബിൽ വികസിപ്പിച്ചെടുത്ത 3150 വാഴ തൈയും, 800 വാനില തൈകളും 28 യൂണിറ്റുകളിലായി വിതരണം ചെയ്തു. കർഷകരുടെ ആവശ്യമനുസരിച്ച് തുടർച്ചയായി തൈകൾ വിതരണം ചെയ്യുന്നതുമാണ്.

**ചൂലുകൾ വിതരണം ചെയ്തു**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കണ്ണംപടി ട്രൈബൽ കോളനിയിലെ ആദിവാസി കളുടെ വരുമാനദായക പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 3500 ചൂലുകൾ പി.ഡി.എസിന്റെ വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു.

**ഹൈടെക് കോഴിക്കൂട് വിതരണം ചെയ്തു**

സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 131 ഹൈടെക് കോഴിക്കൂടുകൾ വിവിധ യൂണിറ്റുകളിലായി വിതരണം ചെയ്യുക യുണ്ടായി.

## SHG ലീഡേഴ്സ് ട്രെയിനിങ്

സ്വയംസഹായസംഘത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായുള്ള ട്രെയിനിങ് പ്രോഗ്രാം നെയ്യാട്ടുശ്ശേരി, ഉപ്പുതറ യൂണിറ്റുകളിലായി ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർമാരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## സാമ്പത്തിക സഹായങ്ങൾ

വരുമാനദായക പ്രവർത്തനങ്ങൾക്കായി 132824/- രൂപയും വിദ്യാഭ്യാസ സഹായം ആയി 194387/- രൂപയും ഭവന നിർമ്മാണത്തിനായി 170000/- രൂപയും, ശുദ്ധജല പദ്ധതിയ്ക്കായി 12000/- രൂപയും, ചികിത്സാ സഹായമായി 81500/- രൂപയും ചാരിറ്റി സംഭാവനയായി 4900/- രൂപയും സഹായമായി നൽകി.

## കൗൺസിലിംഗ് സേവനം


പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 30 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ്. നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 504 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 3 യൂണിറ്റിലെ 3 പേർക്ക് 22530/- രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കുട്ടിക്കാനം | 1 | 5660/- |
| വെള്ളിലാംകണ്ടം | 1 | 6520/- |
| നരിയമ്പാറ | 1 | 10360/- |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

## മാർ ജോസ് പുളിക്കൽ

### ഡിസംബർ 2020

1-3 കെ.സി.ബി.സി.യുടെ ഓൺലൈൻ ശീതകാല സമ്മേളനത്തിൽ പങ്കെടുത്തു.

4 എം.എം.റ്റി. ഹോസ്പിറ്റലിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

6 മൈനർ സെമിനാരി വൈദികവിദ്യാർത്ഥികളുമായി കോൺഫ്രൻസ് നടത്തി.

7 സഹ്യാദ്രി ബാങ്കിന്റെ Annual General Body Meeting-ൽ പങ്കെടുത്തു.

- Syro Malabar Doctrinal Commission-ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

8 കാഞ്ഞിരപ്പള്ളി പഴയപള്ളിയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ചർച്ച് പദവി പ്രഖ്യാപനത്തിൽ പങ്കെടുത്തു. പരിശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു.

9 നല്ലതണ്ണി ബെനഡിക്ടൈൻ സന്യാസസമൂഹത്തെ രൂപതയുടെ കീഴിലുള്ള സ്വതന്ത്രസമൂഹമായി പ്രഖ്യാപിച്ചു. പരിശുദ്ധ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന Eparchial Consultors meeting -ൽ പങ്കെടുത്തു.

- കാഞ്ഞിരപ്പള്ളി സമന്വയ ജസ്യൂട്ട് ഹൗസിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ Ignatian Retreat ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

14 മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ തെയഡോഷ്യസ് മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായെ സന്ദർശിച്ചു.

- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതാ ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

- ഓൺലൈൻ ആയി നടത്തിയ രൂപത കുടുംബനവീകരണ ധ്യാനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

21 നല്ലതണ്ണിയിൽ പെരിയ ബഹു. സേവ്യർ കൂടപ്പുഴയച്ചന്റെ പൗരോഹിത്യസ്വീകരണ വജ്രജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

25 പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് കത്തീദ്രൽ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27 ചങ്ങനാശ്ശേരി അതിരൂപത നസ്രത്ത് ഇടവകയിൽ ബഹു. ഡീക്കൻ വർഗീസ് വെട്ടിക്കീറുപറമ്പിൽ CST യ്ക്ക് പൗരോഹിത്യം നല്കി.

28 ചേമ്പളം ഇടവകയിൽ ബഹു. ഡീക്കൻ അനി കൊല്ലംപറമ്പിൽ CST യ്ക്ക് പൗരോഹിത്യം നല്കി.

29 പൊൻകുന്നം ഇടവകയിൽ ഡീക്കൻ സാവിയോ കുരീക്കാട്ട് MCBS ന് പൗരോഹിത്യം നല്കി.

30 ചങ്ങനാശ്ശേരി അതിരൂപത മണിമല ഇടവകയിൽ ബഹു. ഡീക്കൻ സെബാസ്റ്റ്യൻ വയലിൽ CST യ്ക്ക് പൗരോഹിത്യം നല്കി.

31 ഇടുക്കി രൂപത പൊട്ടൻകാവ് ഇടവകയിൽ ഡീക്കൻ ജോമിത്ത് ചകിരിയാംതടത്തിൽ CMI യ്ക്ക് പൗരോഹിത്യം നല്കി.



ജനുവരി 20–ന് നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ
(ബോബി അലക്സ്) മണ്ണംപ്ലാക്കലച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

# 2021 ജനുവരി ദനഹാക്കാലം

| | | |
|---|---|---|
| 1 | വെള്ളി | റോമ. 16:17–20, 25–27 ലൂക്കാ 1:39–45 |
| 2 | ശനി | 1 കോറി 2:11–15, ലൂക്കാ 12:35–40 |
| 3 | ഞായർ | ദനഹാ ഒന്നാം ഞായർ<br>പുറ. 3:1–12, ഏശ. 44:28–45:4,<br>2 തിമോ. 3:10–15, ലൂക്കാ. 4:16–22a |
| 4 | തിങ്കൾ | ശ്ലീഹ 14:8–15, യോഹ 14:1–6 |
| 5 | ചൊവ്വ | തീത്തോ. 3:8–11, ലൂക്കാ. 13:23–30 |
| 6 | ബുധൻ | ദനഹാത്തിരുനാൾ<br>സംഖ്യ 24:15–25, ഏശ. 11:1–5,<br>തീത്തോ. 3:1–7, മത്താ. 3:13–17 |
| 7 | വ്യാഴം | 1 കോറി. 2:6–10, ലൂക്കാ 7:11–17 |
| 8 | വെള്ളി | എഫേ. 2:19–3:7, മർക്കോ. 6:14–29 |
| 9 | ശനി | റോമ. 9:30–33, യോഹ 10:31–39 |
| 10 | ഞായർ | ദനഹാ രണ്ടാം ഞായർ<br>സംഖ്യ 10:29–36, ഏശ. 45:11–17,<br>ഹെബ്രാ. 3:1–6, യോഹ. 1:14–18 |
| 11 | തിങ്കൾ | 1 കോറി. 11:17–22, യോഹ. 17:20–26 |
| 12 | ചൊവ്വ | 1 കോറി. 12:12–18, യോഹ. 15:1–10 |
| 13 | ബുധൻ | എഫേ 2:11–19, യോഹ. 21:15–19 |
| 14 | വ്യാഴം | 1 പത്രോ 5:5–9, മർക്കോ. 4:35–41 |
| 15 | വെള്ളി | 2 കോറി. 11:21b–31, മത്താ. 16:13–19 |
| 16 | ശനി | റോമ 10:10–20, മർക്കോ. 1:21–28 |
| 17 | ഞായർ | ദനഹാ മൂന്നാം ഞായർ<br>സംഖ്യ. 11:11–20, ഏശ.45:18–46:4,<br>ഹെബ്രാ. 4:1–10, യോഹ.1:29–34 |
| 18 | തിങ്കൾ | 1 യോഹ 5:1–5, ലൂക്കാ. 12:4–12 |
| 19 | ചൊവ്വ | റോമ 15:14–21, യോഹ 17:6–11 |
| 20 | ബുധൻ | 2 കോറി. 6:4–10, യോഹ 12:27–33 |
| 21 | വ്യാഴം | 1 കോറി. 9:24–27, മർക്കോ. 10:17–22 |
| 22 | വെള്ളി | 1 കോറി. 4:9–16, മത്താ 10:1–15 |
| 23 | ശനി | ഫിലി 1:27–30, മത്താ 15:21–28 |
| 24 | ഞായർ | ദനഹാ നാലാം ഞായർ<br>സംഖ്യ. 11:23–35, ഏശ. 46:5–13,<br>ഹെബ്രാ. 7:23–28, യോഹ. 2:1–11 |
| 25 | തിങ്കൾ | 1 തിമോ 2:1–7, മത്താ. 18:23–35 |
| 26 | ചൊവ്വ | റോമാ 12:1–8, ലൂക്കാ. 18:9–14 |
| 27 | ബുധൻ | റോമാ 9:19–29, മത്താ. 6:1–4 |
| 28 | വ്യാഴം | 2 കോറി. 5:11–14, യോഹ 1:35–42 |
| 29 | വെള്ളി | 2 കോറി. 4:8–18, മത്താ 23:34–39 |
| 30 | ശനി | 1 യോഹ 5:13–21, യോഹ 8:39–47 |
| 31 | ഞായർ | ദനഹാ അഞ്ചാം ഞായർ<br>നിയ. 18:13–18, ഏശ. 48:12–20,<br>ഹെബ്രാ. 6:9–15, യോഹ 3:14–21 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850    Printing : Amala offset Kanjirapally 204654